ലോകശാന്തി



സാംസ്ക്കാരിക തത്ത്വശാസ്ത്ര മാസിക

100 രൂപാ വീതം സംഭാവന ചെയ്ത പുതിയ ആയുഷ്ക്കാല വരിക്കാർ

(23) N. കൃഷ്ണരു, മുട്ടവിള മഠം, ഫോർട്ട്, തിരുവനന്തപുരം.
(24) A. അഗ്രമരു, കല്പഴമഠം, ചൂഴാൽ, കൊല്ലങ്കോട്.
(25) K. P. S. നായർ, അരുംആലയം, അന്തിയൂർ, ബാലരാമപുരം
(26) V. G. പിള്ള, കുമാരമംഗലം, കണ്ടള, നെയ്യാറിൻകര.

എന്തുചെയ്യാം വേണ്ടിവരുന്നു

ഇത്തരം കുറിപ്പുകളും ലോകശാന്തിയിൽ ചേർക്കരുതെന്നാണ് ഞങ്ങളുടെ ആഗ്രഹം. എല്ലാത്തരത്തിലും ഉയർന്ന നിലവാരം പുലർത്തിപ്പോരുന്ന ലോകശാന്തിയുടെ വരിക്കാരും വായനക്കാരും തികച്ചും ഉയർന്ന നിലവാരത്തിലുള്ളവരാണ്. വരിക്കാർ മുൻകൂർടച്ചിട്ടുള്ള വരിസംഖ്യകളും തീരുന്നമുറക്ക് വാർഷിക വരിസംഖ്യയായ 10 രൂപാ M. O. അയച്ചുതന്നാൽ ഉപകാരം. കൃത്യാന്തരബഹുലതയാൽ അതിനു സാധിക്കാതെ വന്നാൽ വരിസംഖ്യക്കു വേണ്ടി കത്തു വന്നാലെങ്കിലും ഉടൻതന്നെ തുക അയച്ചു തരാൻ ശ്രമിച്ചാൽ മാസികയുടെ സുഗമമായ നടത്തിപ്പിന് ഉത്തേജനമായിരിക്കും.

കെ. സോമശേഖരൻനായർ
''ലോകശാന്തി''
പാറശാല P O.

ഒരാളെ ഒരാൾ

വടക്ക് ഋഷികേശം മുതൽ തെക്ക് കന്യാകുമാരി വരെയും ഇൻഡ്യയുടെ എല്ലാഭാഗങ്ങളിലും നാമമാത്രമായെങ്കിലും 'ലോകശാന്തി' ചെന്നു ചേരുന്നുണ്ട്. മുടക്കം കൂടാതെ — കൃത്യനിഷ്ഠയോടുകൂടി.

തുടങ്ങിയതുമുതൽ ഇന്നോളവും മുടങ്ങിയിട്ടില്ല. ഒരു ദിവസംപോലും താമസിച്ചിട്ടുമില്ല. എല്ലാമാസവും 15–ാം തിയതിക്കുമുമ്പ് വരിക്കാരുടെ കൈകളിൽ മാസിക എത്തിയിരിക്കും. ഏതെങ്കിലും കാരണവശാൽ 15–ാംതിയതിവരെ മാസിക കിട്ടാതെ വരുന്ന ഏതെങ്കിലും വരിക്കാരുണ്ടെങ്കിൽ ഉടൻ ഞങ്ങളെ അറിയിക്കുക. വീണ്ടും മാസിക അയച്ചുതരുന്നതാണ്.

ലോകശാന്തിയുടെ ഓരോ വരിക്കാരും അവരവരുടെ സുഹൃത്തുക്കളിൽ നിന്നും ഒരാളെ വീതം ലോകശാന്തിയുടെ വരിക്കാരായി ചേർത്ത് 10 രൂപാ വീതം വരിസംഖ്യ അയപ്പിക്കുവാൻ അപേക്ഷ.

വിധേയൻ — എറിച്ചല്ലൂർ

ലോകശാന്തി

പത്രാധിപർ—

എറിച്ചല്ലൂർ കെ. സോമശേഖരൻനായർ

VOL – II | 1976 ജൂലൈ 10 | No. VII

അറിവും അനുഭവവും

ജിജ്ഞാസുവായ ഒരു ആദ്ധ്യാത്മിക ചിന്തകനെ സംബന്ധിച്ച് സദാപി അലട്ടിക്കൊണ്ടിരിക്കുന്ന ഒരു പ്രശ്നമാണ് അറിവും അനുഭവവും. ദൃശ്യപ്രപഞ്ചവുമായി ബന്ധപ്പെട്ട് കളത്ര, പുത്ര, മിത്രാദി സംബന്ധത്തോടുകൂടി ഗൃഹസ്ഥാശ്രമിയായിക്കഴിയുന്ന ഒരു ഭക്തനെ അനുനിമിഷം അലട്ടുന്ന ആയിരമായിരം സംശയങ്ങളും ആത്മജ്ഞാനത്തിനു വേണ്ടിയുള്ള തീർത്ഥയാത്രയിൽ ഉണ്ടാകാറുണ്ട്. തീവ്രവൈരാഗ്യം സിദ്ധിച്ചിട്ടില്ലാത്ത ഗൃഹസ്ഥൻ യോഗിയാവാൻ ശ്രമിച്ചിട്ട് ഒടുവിൽ ഭോഗിയായിത്തീരുന്നതും ഇക്കാരണത്താലാണ്.

സനാതന തത്വശാസ്ത്രമൊഴിയെ മറ്റൊരു മതശാസ്ത്രങ്ങളും ദൃശ്യപ്രപഞ്ചത്തിനപ്പുറത്തുള്ള അദൃശ്യശക്തിയെ വിലയിരുത്തുവാൻ ശ്രമിച്ചിട്ടില്ല. ഈ ലോകത്തിൽ നല്ലവനായി ജീവിക്കുവാൻ വേണ്ടുന്ന സദുപദേശങ്ങളും നല്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഈ ലോകത്തിൽ ജീവിയ്ക്കുന്ന മനുഷ്യന്റെ നന്മതിൻമകളെ കണക്കുകൂട്ടി, സ്വർഗ്ഗരാജ്യവും നരകവും നല്കുന്ന പക്ഷപാതിയായ, സ്വർഗ്ഗസ്ഥനായ ഒരീശ്വരനെ മാത്രമേ മറ്റു മതങ്ങളും മനുഷ്യ രാശിക്കു പരിചയപ്പെടുത്തുന്നുള്ളൂ. ''തത്വമസി'' അതു നീ തന്നെ. അതായതു് ബ്രഹ്മം എന്നറിയപ്പെടുന്ന സച്ചിദാനന്ദാവു നീതന്നെയാണ് എന്നു പറഞ്ഞു കൊടുക്കുകയൊ, അതായിത്തീരാൻ യത്നിച്ച് താദാത്മ്യം പ്രാപിച്ചതിനുശേഷം ''അഹംബ്രഹ്മാസ്മി'' ഞാൻ തന്നെയാണ് ബ്രഹ്മം എന്ന നിലയിലെത്തിച്ചേരുവാൻ തക്ക ശ്രമകരമായ മാർഗ്ഗത്തിലേ

ക്ക് മനുഷ്യനെ വലിച്ചിഴയ്ക്കുവാൻ ശ്രമിക്കുകയൊ മറ്റു മതങ്ങളെ ചെയ്തിട്ടില്ല. സുഗമവും ശ്രമകരമല്ലാത്തതുമായ എളുപ്പ മാർഗ്ഗം ഉപദേശിച്ചതുകൊണ്ടാവാം മറ്റു മതാനുയായികളെ എണ്ണത്തിൽ ലോകത്തെമ്പാടും പെരുകിയതു്. കുറച്ചു ജോലി ചെയ്യുകയും കൂടുതൽ പ്രതിഫലം പറ്റുകയുമാണല്ലൊ മനുഷ്യനു് കൂടുതൽ ഇഷ്ടം.

സനാതനതത്വശാസ്ത്രത്തെ ഗവേഷണ, പരീക്ഷണ, മനനാദികളാൽ അപഗ്രഥിച്ച് സംശയാതീതമായ രീതിയിൽ ഒരു അദ്വൈത പരബ്രഹ്മമാകുന്ന ഈശ്വരനെ കണ്ടെത്തിയതു് അദ്വൈത സിദ്ധാന്തത്തിൽ കൂടെ മാത്രമാണു്. ദൃശ്യവും അദൃശ്യവുമായ എല്ലാത്തിനും ഹേതുഭൂതമായ ഒരേ ഒരു ശക്തി, അതുതന്നെ ഈശ്വരൻ, അതുതന്നെയാണു് ബ്രഹ്മം, ബ്രഹ്മം തന്നെയാണു് പരമാത്മാവു്, ഈ ജഗത്തെല്ലാം ബ്രഹ്മം തന്നെയാണു്. ബ്രഹ്മം തന്നെയാണു് ഈ ജഗത്തെന്നു പറയുമ്പോൾ ഞാനും ബ്രഹ്മം തന്നെയല്ലെ? ഞാൻ ബ്രഹ്മമാണു്, ഈ ജഗത്ത് ബ്രഹ്മമാണു്, കാണുന്നതും കേൾക്കുന്നതും സ്പർശിക്കുന്നതും എല്ലാം ബ്രഹ്മമാണു് എന്നുവരുമ്പോൾ എന്നിൽ നിന്നും അന്യമായി ഒന്നും തന്നെയില്ല. ഞാൻ മാത്രം. ഇതാണു് അദ്വൈത സിദ്ധാന്തം.

ദൃശ്യപ്രപഞ്ചത്തിലെ നാമരൂപാദികളെല്ലാം കണ്ടും കേട്ടും അനുഭവിച്ചും കഴിയുന്ന നമ്മെ പോലുള്ള സാധാരണ ജിജ്ഞാസുക്കളെ സംബന്ധിച്ച് ഈ വേദാന്ത തത്വത്തിൽ നിന്നും കിട്ടുന്ന അറിവും ദൃശ്യപ്രപഞ്ചത്തിൽ നിന്നും കിട്ടുന്ന അനുഭവവുമായി പൊരുത്തപ്പെടാത്തതായി വന്നുചേരുന്നു. ഞാൻ തന്നെ ബ്രഹ്മം എന്നു് ചിന്തിച്ചുകൊണ്ടു് കണ്ണുമടച്ചിരിക്കുമ്പോൾ ''അത്താഴം വയ്ക്കാൻ അരിയില്ല'' എന്നു് അന്തർജനം വിളിച്ചുപറഞ്ഞാൽ എന്നിലെ ബ്രഹ്മം പമ്പ കടക്കും. ശരി, വീട്ടുകാരി ശല്യപ്പെടുത്താതെ കതകുമടച്ചിരുന്നേക്കാമെന്നുതന്നെ കരുതിയെന്നു വയ്ക്കുക. സമയം കുറച്ചു കഴിയുമ്പോൾ ഒരിക്കലുമടങ്ങാത്ത ജഡരാഗ്നി വയറിനകത്ത് തീ കൊളുത്തിത്തുടങ്ങും. അപ്പോൾ വേദാന്തവും ബ്രഹ്മവും എല്ലാം നമ്മെ വിട്ടു മാറിക്കൊള്ളും. ഞാൻ ബ്രഹ്മമെന്നുള്ള ചിന്ത മാറി ഞാൻ മനുഷ്യനാണു് എനിക്കു വിശപ്പുണ്ടു് എന്ന ചിന്ത താനേ വരും. അവിടെയാണു് ആദ്ധ്യാത്മികവും ഭൗതികവും പൊരുത്തപ്പെടാതെ വരുന്നതു്. അദ്വൈത വേദാന്തത്തിൽ നിന്നും കിട്ടുന്ന അറിവും പ്രാപഞ്ചിക അനുഭവങ്ങളും തമ്മിൽ പൊരുത്തപ്പെ

ടാതെ ഓരോ ജിജ്ഞാസുവിന്റെയും മനസ്സിൽ ഉഗ്രസംഘട്ടനം നടന്നുകൊണ്ടിരിക്കുന്നു. ഇതാണ് ശരി. അപ്പോഴം ഇതിൽ ഏതാണ് വേണ്ടതു്? കയ്യിൽ കിട്ടിയ ഭൗതിക സുഖത്തെ ആവോളം ആസ്വദിക്കുകയൊ അതല്ല നിത്യവും സത്യവും ആയ ആത്മാവിനെ കണ്ടെത്തുകയൊ? സാധാരണക്കാരൻ ചിന്തിച്ചുപോകുന്ന ഒന്നാണിതു്. ഇതിനു തക്കതായ ഉത്തരം കൊടുക്കുകയാണ് ആചാര്യൻമാർ ചെയ്യേണ്ടതായ ഒരേ ഒരു കർത്തവ്യം.

മുക്തി മാർഗ്ഗത്തിനുള്ള ഭക്തി, കർമ്മം, യോഗം, ജ്ഞാനം എന്നീ നാലു പടികളെയും വെവ്വേറെയുള്ള നാലു മാർഗ്ഗങ്ങളായി ആചാര്യൻമാർ അവതരിപ്പിച്ചുപോരുന്നതും സാധാരണ ജിജ്ഞാസുക്കൾക്ക് സംശയത്തിനു വകനൽകുന്നുണ്ട്. അധികാരിഭേദം കണക്കിലെടുക്കാതെ ആദ്യത്തെ പടിയിൽ നിൽക്കുന്ന ഒരു ഭക്തന്റെ മുന്നിൽ അജാതവാദം പ്രസംഗിച്ചാൽ സാധു അവതാളത്തിലാകും. അദ്വൈത പരബ്രഹ്മത്തെപ്പറ്റി ജ്ഞാനി സമർത്ഥിക്കുമ്പോഴം പാവം ഭക്തൻ അന്തംവിട്ടുപോകുന്നു. വെണ്ണ കട്ടുണ്ടുനടന്ന കണ്ണനാണ് ഭക്തന്റെ ഉള്ളിൽ കുടികൊള്ളുന്ന ഈശ്വരൻ. നിരാകാരവും നിർഗുണവുമായ വികാരമില്ലാത്ത ബ്രഹ്മം ഒന്നു മാത്രമാണ് സത്യമെന്ന് ജ്ഞാനി ഉപദേശിക്കുമ്പോഴം യഥാർത്ഥത്തിൽ ഭക്തന്റെ ഉള്ളിലെ ഭക്തിക്ക് കോട്ടം തട്ടുകയാണ് ചെയ്യുന്നതു്. കാരണം ഭക്തൻ ജ്ഞാനിയോളം ഉയർന്നിട്ടില്ലയെന്നതുതന്നെ.

നിരാകാരത്തിൽ നിന്നു തന്നെയാണ് ആകാരമുണ്ടായതു്. ആകാരംവിലയംകൊള്ളുന്നതു്നിരാകാരത്തിലും. ഭക്തന്റെ സാകാരേശ്വര ഭക്തിയും ജ്ഞാനിയുടെ നിരാകാര ബ്രഹ്മജ്ഞാനവും തത്വത്തിൽ ഒന്നുതന്നെയാണ്. അദ്വൈതമായ ഈശ്വരഭക്തി ഹൃദയം നിറഞ്ഞിരിക്കുമ്പോഴം പ്രപഞ്ചാനുഭവങ്ങളിലെ സുഖദുഃഖങ്ങളെല്ലാം ഈശ്വരപ്രസാദമായി ചിന്തിച്ച് എല്ലാം ഈശ്വരനിലർപ്പിച്ച് സമഭാവനയോടുകൂടി കഴിയുവാൻ ഭക്തനു സാധിക്കുന്നു. ജ്ഞാനിയാകട്ടെ പ്രപഞ്ചാനുഭവങ്ങളെ വിലയിരുത്തിക്കൊണ്ട് അവകളിൽ നിത്യസത്തയില്ലെന്ന് ബോദ്ധ്യപ്പെട്ട് സുഖദുഃഖങ്ങളിൽദ്വന്ദഭാവമില്ലാതെ വർത്തിക്കുന്നു.

പ്രാപഞ്ചിക ജീവിതത്തിൽ മനുഷ്യനുണ്ടാകുന്ന സുഖദുഃഖ സമ്മിശ്രമായ അനുഭവങ്ങളെ നേരിടുന്നതിൽ നാം സ്വീകരിക്കുന്ന നിലപാടനുസരിച്ചാണ് പുണ്യപാപങ്ങം സമ്പാദിക്കുന്നതു്. ദുഃഖാനുഭവങ്ങളുണ്ടാവു

കയും സുഖം ആഗ്രഹിക്കുകയും ചെയ്യുമ്പോഴാണ്. അവിഹിതമായ രീതിയിലും സുഖം കൈവരുത്തുവാൻ മനുഷ്യൻ പരഹിംസക്കു പോലും തയ്യാറാകുന്നത്. ഹിംസയുടെ ഫലം പാപവും. പാപകർമ്മങ്ങൾ വാസനയായി രൂപാന്തരപ്പെടുന്നു. വാസന പുനർജീവിതത്തിന്റെ ബീജമായിത്തീരുന്നു. ജനിക്കാതിരിക്കുവാൻ വേണ്ടി യത്നിക്കുവാനാണ് സനാതനതത്വശാസ്ത്രം നമ്മെ ഉപദേശിക്കുന്നത്. അല്ലാതെ സ്വർഗ്ഗരാജ്യത്തിന്റെ ഉടമയാകുവാനല്ല.

ഭക്തൻമാർക്ക്

ആറയൂർ അദ്വൈതാശ്രമത്തിൽ ഗുരുമഹരാജ് ശ്രീഅദ്വൈതാനന്ദതിരുവടികളുടെ മഹനീയ സാന്നിദ്ധ്യത്തിൽ 7—7—1976 മുതൽ ചാതുർമ്മാസ്യ പരിപാടികൾ തുടങ്ങിയിരിക്കുന്നു. 2—11—76 വരെ നീണ്ടുനിൽക്കുന്ന പ്രസ്തുത പുണ്യചടങ്ങിൽ സഹസ്രനാമ പാരായണം, ഗീതാപാരായണം, ഭജന തുടങ്ങിയ വിവിധ പരിപാടികളുണ്ടായിരിക്കുന്നതും അവകളിലെല്ലാം സ്വാമിജി പങ്കുകൊള്ളുന്നതുമാണ്. ഭക്തജനങ്ങൾക്ക് ഇതൊരു സുവർണ്ണാവസരമാണെന്നുള്ളതിന് തർക്കമില്ല.

ഇന്ദു ആയുർവ്വേദ ഡിസ്പൻസറി

പാർക്കിനു സമീപം, നെയ്യാറ്റിൻകര

ശാസ്ത്രരീത്യാ മാത്രം നിർമ്മിച്ച ആയുർവ്വേദ ഔഷധങ്ങൾക്കും, ശാസ്ത്രീയമായ ആയുർവ്വേദ ചികിൽസക്കും

ഇന്ദു ആയുർവ്വേദ ഡിസ്പൻസറി, നെയ്യാറ്റിൻകര.

ഡാ: പാവൂർ പരമേശ്വരൻനായർ (ബി. എ. എം.)

ധർമ്മസ്വരൂപം (തുടർച്ച)

[കെ. ചന്ദ്രശേഖരപിള്ള, അഡ്വക്കേറ്റ്, കുഴിത്തുറ]

ദൃശ്യപ്രപഞ്ചത്തിന് വ്യാവഹാരികസത്തയുണ്ടെന്നാണ് അദ്വൈതവേദാന്തം പറയുന്നത്. മാനത്തിലെ പൂവെന്നോ, മുയലിന്റെ കൊമ്പെന്നോ പറയുന്നതുപോലെ ഉണ്ടായിരിക്കാനേ സാദ്ധ്യമല്ലാത്ത ഒന്നല്ല ഈ പ്രപഞ്ചം. വസ്തുതയുടെ ഒരേ ഒരു തെളിവ് അനുഭവമാണെന്നു മുകളിൽ പറഞ്ഞുവല്ലോ. അതിൻമണ്ണും ഇന്ദ്രിയങ്ങളിലും മനസ്സിലും കൂടി നാം അനുഭവിച്ചറിയുന്ന പ്രപഞ്ചം ഒരുവസ്തുതതന്നെയാണ്. പക്ഷേ, മറെറാരവസ്ഥയിൽ, മറെറാരു നിലപാടിൽ അതേ വസ്തുത വ്യത്യസ്തമായി അനുഭവപ്പെടും. ദൃശ്യവസ്തുക്കളുടെ നാമരൂപങ്ങളാകുന്ന അതിരുകളെ അതായതു പരിധികളെ ഒട്ടുമേ കാണാതെ ആ വസ്തുക്കളിൽ ഓരോന്നിലുമുള്ള ഉൾപ്പൊരുളിനെ മാത്രം കാണാൻ കഴിയുന്ന ഒരവസ്ഥയിൽ അനുഭവത്തിനു വ്യത്യാസം വന്നേ മതിയാവൂ. അപ്പോഴും ആദ്യം ഒരു പ്രത്യേക തരത്തിലുള്ള വസ്തുവായി അനുഭവപ്പെട്ടതു പിന്നൊരിക്കൽ വേറൊരു തരത്തിലുള്ള വസ്തുവായി അനുഭവപ്പെടുന്നു. അങ്ങനെയാണെങ്കിൽ ആദ്യത്തെ അനുഭവം ശാശ്വതമായിട്ടുള്ളതല്ല. ശാശ്വതമല്ലാത്തതിനെ എങ്ങനെ പരമാർത്ഥമെന്നുവിളിയ്ക്കും? അതുകൊണ്ട് പ്രപഞ്ചം ഒരു വസ്തുതയാണെങ്കിലും അതു പരമാർത്ഥമല്ല. ഒന്നുനോക്കിയാൽ (പ്രഥമദൃഷ്ട്യാ എന്നു വേണമെങ്കിൽ പറയാം) ഉള്ളതാണെങ്കിലും ഉണ്മയിൽ അതില്ലാത്തതാണ്. ചുരുക്കിപ്പറഞ്ഞാൽ രണ്ടും കെട്ടതാണീ പ്രപഞ്ചം. ഈ അർത്ഥത്തിൽ മാത്രമാണ് പ്രപഞ്ചം മിഥ്യയാണെന്ന് അദ്വൈതി പറയുന്നതു.

പ്രപഞ്ചത്തിന് ഈ രണ്ടും കെട്ട സ്വഭാവമുണ്ടായതു അതിന്റെ അമ്മയുടെ ഗുണം അതായതുകൊണ്ടെന്നാണ് ശ്രീ ശങ്കരൻ വാദിക്കുന്നതു. പ്രപഞ്ചത്തിന്റെ അമ്മയുടെ പേരാണ് മായാ. അവർ ഇതേ പ്രകൃതക്കാരിയാണത്രെ. 'ഉള്ളതെന്നോ ഇല്ലാത്തതെന്നോ രണ്ടും കൂടിയതാണെന്നോ പറയാൻ പറ്റില്ല. പലതായി

പിരിയുന്നതാണെന്നോ അങ്ങനെ പിരിയ്ക്കാൻ പററാത്തതാണെന്നോ അല്ലാ അതു രണ്ടുംകൂടിയതാണെന്നോ അങ്ങനേയും പറയാൻ ഒക്കുകയില്ല. അവയവങ്ങളും ഉള്ളതാണെന്നോ ഇല്ലാത്തതാണെന്നോ രണ്ടുമാണെന്നോ പറയാനും നിവൃത്തിയില്ല. അങ്ങനെ പറഞ്ഞു മനസ്സിലാക്കുക സാദ്ധ്യമല്ലാത്ത ഒരത്യദ്ഭുത പ്രകൃതിയാണ് മായാ'. (''സന്നാപ്യ സന്നാപ്യു ഭയാത്മികാനോ സാംഗാപ്യനംഗാപ്യുഭയാത്മികാനോ മഹാത്ഭുതാനിർവചനീയരൂപാ' — വിവേക ചൂഡാമണി) കാര്യ കാരണങ്ങൾക്ക് സാരാംശത്തിൽ അഭേദത്വം കല്പിക്കാമെന്നുള്ളതുകൊണ്ട് കാരണമായ മായക്കും കാര്യമായ പ്രപഞ്ചത്തിനും ഒരേ സ്വഭാവമാണെന്നു ചുരുക്കം.

അനന്തവും അപ്രമേയവുമായ ഒരേ ഒരു ജ്യോതിസ്സിന്റെ പ്രതിഫലനംകൊണ്ടു മാത്രമാണ് പ്രാപഞ്ചിക പദാർത്ഥങ്ങൾക്ക് അസ്തിത്വവും പ്രകാശവുമുണ്ടാകുന്നത്. അവ പ്രിയംകരങ്ങളായിത്തീരുന്നതും മറെറാന്നുകൊണ്ടല്ല. ഈ അസ്തി ഭാതി പ്രിയങ്ങളൊന്നും മായയുടെ ഗുണങ്ങളല്ല. മായയുടെ ഗുണങ്ങളായ സത്വരജസ്തമസ്സുകൾക്ക് നാമരൂപങ്ങളും നിർമ്മിയ്ക്കുവാനേ സാധിയ്ക്കൂ. ആ നാമരൂപങ്ങളുടെ ആകെത്തുകയാണ് പ്രപഞ്ചം. അപ്പോൾ ദ്രഷ്ടാവിന്റെ സ്ഥാനത്തു നിന്നു നോക്കിയാൽ അസ്തി ഭാതി പ്രിയാത്മകമായ പരമാർത്ഥം നാമരൂപാത്മകമായ മാധ്യമത്തിൽകൂടെ പ്രതിഭാസിച്ചു കാണുന്നതിനെയാണ് പ്രപഞ്ചമെന്നു വ്യവഹരിക്കുന്നതെന്നു മനസ്സിലാകും.

നാമരൂപങ്ങളെല്ലാം തന്നെ ശരീരങ്ങളാണ്. അതുപോലെ അസ്തി ഭാതി പ്രിയങ്ങളും സദാ ആത്മാവിന്റെ ലക്ഷണങ്ങളാണ്. ശരീരമെന്നു പറഞ്ഞാൽ പ്രാണികളുടെ ശരീരം മാത്രമാണെന്നു തെറിദ്ധരിക്കരുതു്. രൂപമെല്ലാം ശരീരമാണ്. ശരീരത്തിലെല്ലാം ശരീരി അതായത് ആത്മാവുണ്ട്. പഞ്ചകോശങ്ങളും അന്നമയം പ്രാണമയം മനോമയം വിജ്ഞാനമയം ആനന്ദമയം എന്ന അഞ്ചു ഉറകളും — പ്രാണി ശരീരങ്ങളുടെ മാത്രം പ്രത്യേകതയല്ലെന്നു വിചാരിക്കുവാൻ ന്യായമുണ്ട്. അവികസിതാവസ്ഥയിൽ അവ സസ്യാദികളിൽപോലും ഉണ്ടായിരിക്കണം. വെറും ഭൌതിക പദാർത്ഥങ്ങളേയും ഓരോ ശരീരങ്ങളായി ഗണിക്കാം. അവയിൽ പഞ്ചകോശങ്ങളും ഇല്ലായിരിക്കാം. ഇല്ലെങ്കിലും അവ ശരീരങ്ങളാണ്. കാരണം ഉൽപത്തി, വളർച്ച, സ്ഥിതി, മാറ്റം, ക്ഷയം, നാശം ഈ ആറു വികാരങ്ങ

ംക്ക് ഒരു തരത്തിലല്ലെങ്കിൽ മ റൊരു തരത്തിൽ നിർജ്ജീവ വസ്തുക്കളും പോലും വിധേയ മാണ്.

വികാരങ്ങൾക്ക് വിധേയമാ യതിനെല്ലാം ശരീരമെന്നും ഒരു വികാരത്തിനും ഒരിയ്ക്കലും വിധേയമല്ലാത്ത ഒരേ ഒരു വസ്തുവിന് ആത്മാവെന്നുമാണ് വേദാന്തം പേരിട്ടിരിക്കുന്നത്. ശ രീരത്തെയാണ് ക്ഷേത്രമെന്നു പറയുന്നത്. ക്ഷേത്രജ്ഞൻ ആത്മാവാണ്. ക്ഷേത്രങ്ങൾ പലതാണെങ്കിലും ക്ഷേത്രജ്ഞൻ ഒന്നു മാത്രം. എല്ലാ ശരീര ത്തിലും ഉള്ളതുകൊണ്ടും എല്ലാ യിടത്തും ശരീരങ്ങൾ ഉള്ളതുകൊ ണ്ടും ഏതു ശരീരത്തെ എടുത്തു നോക്കിയാലും അതിനകത്തും പുറത്തും ശരീരി അതായതു ആ ത്മാവ് സ്ഥിതി ചെയ്യുന്നതാ യിക്കാണാം. അതാണ് അദ്വൈത ദർശനം.

കാലദേശങ്ങൾ എന്ന സങ്കൽ പങ്ങളും, നാമരൂപങ്ങളെന്ന സങ്ക ൽപങ്ങളും പരസ്പരം ആശ്രയി ച്ചു നിൽക്കുന്നവയാണ്. നാമരൂ പങ്ങളെപ്പോലെതന്നെ കാലദേശ ങ്ങളും വെറും വിഭജനോപാധിക ൾ മാത്രമാണ്. എന്നുവെച്ചാൽ ഉള്ളിൽ ഒന്നായിരിയ്ക്കുന്നതി നെ പ്രത്യക്ഷത്തിൽ പലതായി ഗ്രഹിക്കുന്നതിനുപക രി ക്കു ന്ന സങ്കേതങ്ങൾ മാത്രമാണെന്നർത്ഥം. അതുകൊണ്ട് കാലദേശങ്ങളാ കുന്ന സങ്കല്പങ്ങൾക്കും വ്യാവ ഹാരികസത്തയേയുള്ളൂ. അവയും മായാ കാര്യങ്ങളാണ്.

മാറാത്ത ഒന്നിനെ മാറുന്ന പ ലതാക്കിക്കാണിക്കുന്നതേതോ അ തു മായാ. അതൊരു വല്ലാത്ത ക ഴിവ് (ശക്തി) തന്നെ. കൂട്ടലും കുറയ്ക്കലും ഗുണിയ്ക്കലും ഹരിയ്ക്കലും അതു നടത്തുന്നു. ഈ ഗണിത പ്രക്രിയകളെല്ലാം അതു '1'നെ മാത്രം വെച്ചുകൊ ണ്ട് നിർവ്വഹിക്കുന്നതുമാണ്. ഒന്നു എപ്പോഴും പൂർണ്ണമാണല്ലോ ഒന്നിൽ നിന്ന് എന്തെങ്കിലും മു റിച്ചെടുത്തുകഴിഞ്ഞാൽ എടുക്ക പ്പെട്ടതും ശേഷിക്കുന്നതും രണ്ടും പ്രത്യേകം പ്രത്യേകമായി നോ ക്കിയാൽ ഒന്നുതന്നെ. എടുത്ത തിനെ എടുത്ത സ്ഥാനത്തു തി രിച്ചു വെച്ചിട്ടു നോക്കുക. അ പ്പോഴും ഒന്നുതന്നെ. ഒരു പ്രാവ ശ്യമല്ല ഒരായിരം പ്രാവശ്യം ഒ ന്നിൽ നിന്ന് കുറച്ചു മുറിച്ച് മാ റ്റി വെച്ചിട്ടു നോക്കുക. അപ്പോ ഴും മുറിച്ചു വെച്ചതോരോന്നും ശേഷിക്കുന്നതും ഒന്നായിത്തന്നെ കാണപ്പെടും. ഇതാണ് മായാ ഗ ണിതം. ഇതിനെ സംബന്ധിച്ച സൂത്രം ഉപനിഷത്തിലുണ്ട് :—

''പൂർണ്ണമദഃ പൂർണ്ണമിദം പൂ ർണ്ണാൽ പൂർണ്ണമുദച്യതേ പൂ ർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണ മേവാവശിഷ്യതേ''.

ഗോപികളും വ്യാസമഹർഷിയും

[അഡ്വൊക്കേറ്റ് എം. ആർ. മാധവക്കുറുപ്പ്]

ഗോരസം വിൽക്കുവാൻ പോയീ മടങ്ങും ഗോപനാരിമാർ
ഏകദാ യമുനാ തീരമെത്തിയക്കര പൂകുവാൻ.
വഞ്ചിക്കാരൻ സ്ഥലത്തില്ലാഞ്ഞവർ ഖേദിച്ചു നിൽക്കവേ
വശാലവിടെ വന്നെത്തി വേദവ്യാസൻ, മഹാമുനി.
അറിയിച്ചവരദ്ദേഹത്തോടു തങ്ങടെ ദുസ്ഥിതി
അപേക്ഷിച്ചു സഹായിക്കാനതു കേട്ടോതി താപസൻ.
''വീഷമിക്കേണ്ട നമ്മംക്കു വേഗമക്കര പറിടാം
വിശക്കുന്നുണ്ടെനിക്കിപ്പോളശിക്കാൻ നൽകു വല്ലതും''.
വെണ്ണ, പാൽക്കട്ടിയും, തൈരും വേണ്ടോളം നൽകി ഗോപിമാർ
എമ്പാടുമവ സാപ്പിട്ടു ഏമ്പക്കം വിട്ടു മാമുനീ.
എന്നിട്ടു യമുനാദേവി തന്നെ കൈകൂപ്പി സത്വരം
പ്രാർത്ഥിച്ചു മാമുനി ശ്രേഷ്ഠൻ ഭക്തിപൂർവകമിങ്ങനെ.
'കന്നുമേ ഞാൻ കഴിച്ചില്ലാ ഇന്നു ദേവീ! ദയാപരേ!
ഉപവാസവ്രതംകൊണ്ടെന്നുള്ളകം ശുദ്ധമെത്രയും.
സത്യമെന്നിതു ദേവിക്കു ബോദ്ധ്യമെങ്കിലിവർക്കു നീ
ജലംമാറി യിടം നൽകൂ ജവമക്കരയെത്തുവാൻ''.
അതുകേട്ടുടനേതന്നെ യന്നദീ ജലമത്ഭുതം
വഴങ്ങീ, വഴിയുണ്ടായി, വൻ തപസ്സിനേറ വൈഭവം!.
മുനിയോടൊത്തു ഗോപസ്ത്രീജനമക്കരയെത്തവേ
സാശ്ചര്യ്യമവർ ചോദിച്ചു താപസോത്തമനോടിദം.
''ഞങ്ങടം നൽകിയ ഭക്ഷ്യങ്ങളെല്ലാമങ്ങാഹരിക്കിലും
അങ്ങിന്നുപവസിച്ചെന്നു ചൊന്നതെങ്ങനെ മാമുനേ!''.
വേദം പകുത്തു, വേദാന്തസത്യം കണ്ടെത്തിയോൻ വിഭു
ഭരതർഷികുലോത്തംസം പാരാശർയ്യൻ കഥിച്ചിദം.
''കണ്ണൻ, വെണ്ണ കവർന്നുണ്ട കാർവർണ്ണൻ കരുണാകരൻ
ഇളകാതെന്നെറയുള്ളത്തിൽ വിളയാടുന്നിതെപ്പൊഴും.
നിങ്ങടം നൽകിയ പാൽവെണ്ണയെല്ലാമപ്പടിയപ്പൊഴേ
നിങ്ങടംക്കുറെറാരു ചങ്ങാതിയവനത്രേ ഭുജിച്ചതും.
കർത്താവെന്നല്ല ഭോക്താവുമൊക്കെയ ക്കണ്ണനല്ലയോ!
'ഞാൻ' ഭുജിക്കുന്നുവെന്നുള്ള ചിന്തയേയില്ലെനിക്കെടോ!
ഇതത്രേപരമം സത്യ മിതേ ചൊല്ലിയതുള്ളൂ ഞാൻ
അതാണു യമുനാദേവി കനിയാനുള്ള കാരണം''.

ഗദ്യകവിത

കൃഷ്ണപ്രേമം

(അഞ്ചുകവിതകളം) [കെ. വി. മണലിക്കര]

കൃഷ്ണൻ പ്രേമിച്ചു
എത്രയോ ഗോപിമാരെ
എത്രയോ തവണ.
പക്ഷെ,
ഒരിക്കലും കണ്ടിട്ടില്ലാത്ത
ഒരിക്കലും കൈവന്നിട്ടില്ലാത്ത
ആ രൂപത്തിൽ
സ്വപ്രേമമാകെ ചൊരിഞ്ഞുകൊണ്ടിരുന്നു !
ചിലപ്പോൾ ഒരുവളിൽ അതു കണ്ടെത്തുന്നെങ്കിൽ
മറെറാരുവളെ എന്തിനു പ്രേമിക്കുന്നു?
കവി വീണ്ടുംവീണ്ടും നവന്നവങ്ങളായ ഗാനങ്ങളം രചിച്ചു
തദ്വിഷയത്തെത്തന്നെ വിസ്തരിച്ചുകൊണ്ടിരുന്നു–
പൂർണ്ണമായി ഗ്രഹിക്കാനാവാത്തതിനെ;
ഒരു ഗാനത്തിലും സമാഹരിക്കാനാവാത്തതിനെ,
ഏതെങ്കിലുമൊരു ഗീതത്തിൽ.
അതു പൂർണ്ണമായെന്നു കണ്ടെങ്കിൽ
കവി മറെറാരു ഗീതം എന്തിനെഴുതണം?

ഏൻെറ മാത്രം

ക്ഷണകാലത്ത്
വിലയ്ക്കു വാങ്ങിയ സ്നേഹത്തിൻെറ നേർക്ക്
അപഹരിക്കപ്പെട്ട ചിരികളം !
അലഞ്ഞു തിരിഞ്ഞു ശുഷ്കിച്ച സൗന്ദര്യങ്ങളം,
വിജ്ഞാപിത നഗ്നമൂർത്തികളം !
ഒന്നിനുള്ളിൽ മറെറാന്ന്
പിന്നെ എങ്ങനെ തിരിച്ചറിയും ?

പാഠഭേദം

പ്രത്യക്ഷരൂപത്തിലുള്ള ഒരുലോകം
കാല്പനിക സംഭാവ്യമായ ഒരുലോകം
സതത മുഖരിതമായ ഒരുലോകം
ഏകാന്തമൂകമായ ഒരുലോകം
ഉൽസാഹവും അവിരാമഗതിയുമാർന്ന ഒരുലോകം
തരംഗഹീനവും നിശ്ചലവുമായ ഒരുലോകം

രണ്ടു പാഠം !
ഒരേ കാവ്യം !

തൊണ്ട്

തൊണ്ടിന്റെ ഉൾതൊണ്ടിന്റെ ഉൾതൊണ്ട്—
അവിച്ഛിന്നക്രമം.
അതിനെന്ത് ?
ബാഹ്യത്തിൽ നിന്നു ഭിന്നമായിരിക്കും ആന്തരികം.
അതെങ്ങിനെ സിദ്ധം?
ഞാൻ അനന്യം, ഏകാകാരം
പ്രേമംപോലെ.

ജാഗ്രത്തിൽ - സ്വപ്നത്തിൽ

സ്വപ്നത്തിനുള്ളിലെ സ്വപ്നത്തിൽ
സ്വന്തം പടിയ്ക്കലിരുന്ന്,
വെയിലത്ത്, സ്വപ്നം കാണാനോ?
ജാഗ്രത്തിൽ,
ഉണർന്നോടുന്നു,
ഇരുണ്ട ഗുഹയിൽ
ഇടുങ്ങിയ വഴി വിശാലമാക്കാൻ
അപ്പുറം കാണാൻ — ഉണരാൻ.

വൈകിവന്ന വിവേകം

[ഈശ്വരൻനമ്പൂതിരി]

ചിത്രമെത്രയും നന്നായെങ്കിലും പശ്ചാത്തല–
മിത്രയും കടുംവർണ്ണമാവേണ്ടിയിരുന്നില്ല.
ചാലിച്ച ചായം കോരിച്ചൊരിഞ്ഞു ചിത്രത്തിന്റെ
ശാലീന സൗന്ദര്യവുമാസ്വാദ്യമല്ലാതാക്കി !

ബാണനന്ദിനീ നിന്റെ മോഹസാഫല്യത്തിന്നായ്
ശോണിതപുരം നാമമനർത്ഥമാക്കിത്തീർത്തൂ
തോഴീ ! നിൻഗളത്തിന്നു മാംഗല്യം ചാർത്താൻ വേണ്ടി –
ഏഴകളനേകംപേർ കളഞ്ഞൂ ഗളസൂത്രം

ഓർത്തോർത്തു വിങ്ങുന്നുണ്ടിന്നെൻമനം; കുറ്റംചെയ്താൽ
കുത്തുമേ മനസ്സാക്ഷിയേതൊരു പിശാചിന്നും
കാമപീഡിതയാകുമുഷയെ പ്രീണിപ്പിക്കാൻ
കാമനന്ദനൻതന്നെ കൊണ്ടുവന്നതേ തെറ്റായ്

കൗശലം കാട്ടാനൊരു തക്കമായ്തോന്നീ വംശ–
നാശത്തിൻ ബീജാവാപ മാമെന്നു നിനച്ചില്ല !
അന്ത്യനായം പടച്ചട്ടയിട്ടിറങ്ങുമ്പോളച്ഛൻ
ശാന്തത നടിച്ചെന്റെ കണ്ണുനീരൊപ്പാൻ വന്നു !

ചിന്തിക്കാനതെ;ന്നെറയച്ഛനെ, വാൽസല്യത്തിൻ –
പൂർണ്ണകുംഭത്തെ, ധൂളിയാക്കുവാനാളായീഞാൻ
ബാണനന്ദിനിയിന്നു പ്രാണനാഥനോടൊത്തു–
വാണിടുന്നെന്നാൽ ഞാനോ കേവലമനാഥയായ് !

ചിത്രമെത്രയും നന്നായെങ്കിലും പശ്ചാത്തല–
മിത്രയും കടുംവർണ്ണമാവേണ്ടിയിരുന്നില്ല.



സ്യമന്തകം — ആട്ടക്കഥ

[പാവൂർ പി. എസ്. മാധവൻപിള്ള]

ശുദ്ധിപത്രം

ക്രമാങ്കം	ലക്കം	പുറം	വരി	അശുദ്ധം	ശുദ്ധം
1	1	16	9	ബരി	ബരാ
2	,,	17	25	മഞ്ജൂള	മഞ്ജുള
3	,,	18	5	മൊൽസുക്യ	മൌൽസുക്യ
4	,,	,,	8	മഞ്ജൂള	മഞ്ജുള
5	,,	,,	9	സാക്തം	സിക്തം
6	,,	,,	17	മഞ്ജൂ	മഞ്ജു
7	,,	19	11	പിഞ്ചരിതം	(പിഞ്ജരിതം)
8	,,	,,	23	പ്രാദൂ	പ്രാദു
9	,,	20	5	മദ്ധ്യാവതി	മദ്ധ്യമാവതി
10	,,	,,	8	മിത്രം ഞാൻ	മിത്രൻ ഞാൻ
11	,,	,,	8	തവ മിത്രം	തവ മിത്രൻ
12	,,	,,	14	രത്നം	രത്നം
13	,,	,,	15	പ്രയത്യം	പ്രയത്നം
14	2	14	13	ദ്വിജപര	ദ്വിജവര
15	,,	15	20	..	അങ്കുശം (കാമ) വേണ്ട
16	,,	17	3	കമലേശ്ചര	കമലേശ്വര
17	,,	,,	7	ടി	ടി
18	,,	,,	9	ടി	ടി
19	,,	,,	17	ദനുഹര	ദനുജഹര
20	3	7	28	വളർന്നിടുന്നൂ	വളർത്തിടുന്നൂ
21	,,	8	5	കുമത്യ	കുമർത്യ
22	,,	46	15	(യാദവേരൂ)	(യാദവേന്ദ്ര)
23	4	29	13	വിപർയ്യം	വിപർയ്യയം
24	,,	31	5	(വിട്ടുപോയവരി)	കളിപുതുമതേടി
25	5	33	2	ശിരോർ	ശിശോർ
26	,,	,,	11	മതിക	മതറിക
27	,,	34	32	ഭ്യേഹരിരോമണെ	ഭ്യേച്ഛരിരോമണെ

പഠിച്ചത് മോക്ഷത്തിനല്ല; പഠിപ്പിക്കുന്നതും !

[പൂവത്തുങ്കൽ ശ്രീധരൻനായർ, കോട്ടയം]

മോക്ഷം എന്ന ശബ്ദം വളരെ പ്രചാരമുള്ളതാണ്. സാധാരണ പലരും സ്ഥാനത്തും, അസ്ഥാനത്തും പ്രയോഗിച്ച് കേൾക്കാറുമുണ്ട്. എന്തർത്ഥമാണവരതിന് സങ്കൽപിച്ചിരിക്കുന്നതെന്ന് ആർക്കും — പ്രയോക്താക്കൾക്ക് പോലും അറിഞ്ഞുകൂടാ! യുധിഷ്ഠിരന്റെ സംശയനിവൃത്തിക്കായി ഭീഷ്മപിതാമഹൻ ഇപ്രകാരം ഉപദേശിച്ചിട്ടുണ്ട്

മോക്ഷസ്യനഹിവാസോഽസ്തി
നഗ്രാമാന്തരമേവവാ
അജ്ഞാനഹൃദയഗ്രന്ഥി
നാശോമോക്ഷഇതിസ്മൃതഃ

യുധിഷ്ഠിര! മോക്ഷം ഒരു പ്രത്യേക സ്ഥലത്ത് കുടികൊള്ളുന്നതൊന്നുമല്ല. അജ്ഞാനത്തിന്റെ കെട്ടഴിച്ച് ഹൃദയത്തെ സ്വതന്ത്രമായി വിടുകതന്നെയാണത്. ഇതാണ് ഭീഷ്മാചാര്യർ പറഞ്ഞതിന്റെ സാരം. ഇനി ഉണ്ടാകാവുന്ന സംശയം എന്താണീ 'അജ്ഞാനഹൃദയഗ്രന്ഥി' എന്നുള്ളതാണ്. അജ്ഞാനം കൊണ്ട് ആത്മാവ് അതിന്റെ നിത്യശുദ്ധമുക്തവും, സച്ചിദാനന്ദവും, സ്വതന്ത്രസ്വതന്ത്രവുമായ സ്വരൂപത്തെ മറന്നിട്ട് നശ്വരമായ ശരീരത്തെ തന്നെ ആത്മസ്വരൂപമെന്നും, ശരീരധർമ്മങ്ങളെ ആത്മധർമ്മങ്ങളെന്നും ധരിക്കുക തന്നെ ഈ ഗ്രന്ഥി. ഇവിടെ അജ്ഞാനമെന്നു പറഞ്ഞത് 'അറിവില്ലായ്മ' എന്ന അർത്ഥത്തിലല്ല. 'തെറ്റായിരിക്കുന്ന അറിവ്' എന്ന അർത്ഥത്തിലാണ്.

അജ്ഞാനേനാവൃതംജ്ഞാനം
തേനമുഹ്യന്തിജന്തവഃ

ഈ അജ്ഞാനത്താൽ സ്വസ്വരൂപമായ ജ്ഞാനം മൂടപ്പെട്ടിരിക്കുന്നു എന്നാണല്ലോ ഭഗവാൻ അരുളിച്ചെയ്യുന്നത്. അപ്പോഴം ഇന്നത്തെ അഭ്യസ്തവിദ്യരെല്ലാം മോക്ഷത്തിന് അർഹരാണോ? നമ്മുടെ വിദ്യാർത്ഥികളെ മുമുക്ഷുക്കളെന്നു വിളിക്കാമോ? എന്തിന് ഈ സ്വർണ്ണനൂലിൽ വാഴനാര് കൂട്ടികെട്ടണം? നമ്മുടെ വിദ്യാലയങ്ങളും, വിദ്യാർത്ഥികളും, അദ്ധ്യാപകൻമാരും

എന്തിനധികം വിദ്യാഭ്യാസ വിചക്ഷണരും ജ്ഞാനത്തിനു വേണ്ടിയല്ല നിലകൊള്ളുന്നത്. അൽപം വിജ്ഞാനത്തിനു വേണ്ടി മാത്രം.

മോക്ഷേധീർജ്ഞാനമന്യത്ര
വിജ്ഞാനം ശില്പ ശാസ്ത്രയോ :

ജ്ഞാനം മോക്ഷത്തിനാണ്; വിജ്ഞാനം ഉദരപൂരണത്തിനും. ഇന്നാർക്കും മോക്ഷമല്ല ആവശ്യം. ഇരയും ഇണയുമാണ്.

മനുഷ്യന് പ്രാപിക്കാവുന്ന സമുന്നതമായ സ്ഥാനമാണ് ഈ മോക്ഷം. നിത്യാനിത്യവസ്തു വിചാരത്താൽ അനിത്യമായ സകല മനോവ്യാപാരങ്ങളും നശിക്കുക തന്നെയാണ് മുമുക്ഷുവിന്റെ യോഗ്യത. ''കേവല മോക്ഷാപേക്ഷഃ സങ്കല്പോ ബന്ധഃ'' മോക്ഷം വേണമെന്നുള്ള സങ്കല്പം പോലും ബന്ധമാണെന്ന് പറയാറുണ്ട്.

ബദ്ധോ ഹി കോയോ വിഷയാനുരക്തഃ
കോവാ വിമുക്തോ വിഷയേ വിരക്തഃ

വിഷയങ്ങളിൽ ആസക്തൻ ബദ്ധൻ; അനാസക്തൻ മുക്തൻ.

നിർവ്വാണം, നിർവൃതി, നിവൃത്തി, പരമഗതി, പരമപദം, കൈവല്യം, അമൃതം, അപവർഗ്ഗം, നിശ്രേയസം, ശ്രേയസ്സ്, ശാന്തി, ബ്രഹ്മത്വം, സായൂജ്യം പൂർണ്ണത എന്നിങ്ങനെ അനേകം നാമങ്ങളാൽ കൊണ്ട് മോക്ഷം വ്യവഹരിക്കപ്പെടുന്നു. മോക്ഷം ആഗ്രഹിക്കുന്നവർ സജ്ജനസംസർഗ്ഗവും, ഭഗവദ്ഭക്തിയും സമ്പാദിക്കണം.

വേദാന്താർത്ഥ വിചാരേണ
ലഭതേ ജ്ഞാനമുത്തമം .

പക്ഷെ ആ ജ്ഞാനം വളർന്നുവരുന്ന തലമുറ വിസ്മരിച്ചു. അവൻ പറയുന്നു : ''ഞാൻ പണം മുടക്കി പഠിച്ചത് മോക്ഷത്തിനല്ല; എനിക്ക് ജോലി വേണം'' — എന്ന്. അവന്റെ വാചകം ഒന്നുകൂടി ശ്രദ്ധിക്കുക. പഠിച്ചത് പണം മുടക്കിയാണെന്ന്. എന്നു പറഞ്ഞാൽ ഒരു ബിസിനസ്സ് തുടങ്ങുകയായിരുന്നെന്ന്. അത് മോക്ഷം ഉദ്ദേശിച്ചല്ലെന്ന്; മനസ്സിലായില്ലെ! ജ്ഞാനം ഉദ്ദേശിച്ചല്ല എന്ന്. പിന്നെ രണ്ടാമത്തെ വാചകം. 'എനിക്ക് ജോലി വേണം' എന്ന്! വേണ്ട! പാവം! അത് ഭംഗ്യന്തരേണ പറഞ്ഞു എന്നേ ഉള്ളൂ. അവൻ ഒരു ജോലിയും ചെയ്യാൻ തയ്യാറില്ല; അവനൊരു ജോലിയും അറിഞ്ഞുംകൂടാ! പിന്നെ പറഞ്ഞതിന്റെ വ്യംഗ്യാർത്ഥരൂപ വേണം എന്നാണ്. കാരണം അവൻ ആദ്യമേ പറഞ്ഞു:— മുട

[ശേഷം 18—ാം പേജിൽ]

പുണ്യക്ഷേത്രങ്ങൾ—

മണ്ടയ്ക്കാട്ട്
ഭഗവതി ക്ഷേത്രം

[തിരുവട്ടാർ സി. ഗോവിന്ദപ്പിള്ള]

നാഗർപൂജ നടത്തുന്നതു പോലെ ദേവീപൂജയും കേരളീയർക്ക് അതി പ്രധാനമാണ്. തമിഴ്നാട്ടിൽ മണ്ടയ്ക്കാട്ട് ഭഗവതീക്ഷേത്രം കടലോരത്തിലായി സ്ഥിതിചെയ്യുന്നു. കന്യാകുമാരി മുതൽ ഗോകർണ്ണം വരെ കടലോരത്തായി 108 ദേവീപീഠങ്ങളും കാണാം. ഈ ദേവീപീഠങ്ങളും എല്ലാം പരശുരാമനാൽ ത്രേതായുഗത്തിൽ പ്രതിഷ്ഠിക്കപ്പെട്ടതാണെന്നു പറഞ്ഞു കാണുന്നു. മലയോരങ്ങളിൽ 18 ശാസ്താക്ഷേത്രങ്ങളും, 108 വിഷ്ണുദേവാലയങ്ങളും, ദ്വാദശ ശിവക്ഷേത്രങ്ങളും പരശുരാമനാൽ പ്രതിഷ്ടിക്കപ്പെട്ടതാകുന്നു.

മണ്ടക്കാട് ചരിത്രപ്രസിദ്ധിയാർജിച്ച കുളച്ചൽ തുറമുഖത്തുനിന്നും രണ്ടുമൈൽ തെക്കുമാറി സ്ഥിതിചെയ്യുന്നു. തിങ്കൾചന്തയിൽ നിന്നും ബസ് മാർഗ്ഗം ഇവിടെ പോകാവുന്നതാണ്. ഈ ക്ഷേത്രത്തിന്റെ ഉത്ഭവത്തെപ്പറ്റി പല കഥകളും പറഞ്ഞുകാണുന്നു. അതിൽ ദേവീഭാഗവതത്തിൽ ദേവീക്ഷേത്രങ്ങളുടെ ഉത്ഭവത്തെപ്പറ്റി ഇപ്രകാരം പ്രതിപാദിച്ചിട്ടുണ്ട്— ദക്ഷന്റെ മകളായ സതീദേവി പരമശിവനെ ഭർത്താവായി വരിക്കുന്നു ചുടലചാമ്പലും, തലയോടുമേന്തി ഭിക്ഷാടന മൂർത്തിയായി നടക്കുന്ന ഹരനുമായുള്ള തന്റെ മകളുടെ ബന്ധം ദക്ഷന് നീരസത്തെ സംജാതമാക്കി. ഒരിക്കൽ ദക്ഷൻ ഒരു യാഗം നടത്താൻ തീരുമാനിച്ചു. മകളായ സതീദേവിയേയും ശിവനേയും മാത്രം യാഗത്തിന് ദക്ഷൻ ക്ഷണിച്ചില്ല. സതിക്ക് പിതാവിന്റെ യാഗം കാണാൻ പോകണമെന്ന് അഭിനിവേശം സംജാതമായി. ഭർത്താവിനോട് അനുവാദം ആവശ്യപ്പെട്ടു. ക്ഷണമില്ലാതെ പോകുന്നതിൽ ഹരൻ പല എതിരുകളും പറഞ്ഞിട്ടും സതി ചെവി

ക്കൊണ്ടില്ല. യാഗത്തിനു പോ വുകതന്നെ ചെയ്തു. ദക്ഷ ന്റെ യാഗശാലയിൽ സതിയെ ക ണ്ട് പിതാവ് കോപാകുലനായി അവളെ നിഷ്കരുണം ഭല്സി ച്ചു. ബന്ധുഗൃഹത്തിൽ നിന്നും അപമാനമാണ് സതിക്കുണ്ടായ ത്. അപമാനവും ഭേസിക്കൊ ണ്ട് ഭർത്താവിന്റെ സമീപത്തേ ക്കു പോകാൻ സതി മടിച്ചു. ഒടു വിൽ അവർ സ്വയം ആത്മത്യാ ഗം ചെയ്യുന്നു. ഭൂതഗണങ്ങളിൽ നിന്നും സംഭവം ഗ്രഹിച്ച ഹരൻ ജഡാമകുടം തറയിലടിച്ച് ഭദ്രകാ ളിയേയും വീരഭദ്രനേയും സംജാ തമാക്കി ദക്ഷനിഗ്രഹത്തിനായി നിയോഗിക്കുന്നു. ഹോമകുണ്ഡത്തിൽ നിന്നും സതീജഡത്തെ തോളിൽ വഹിച്ചുകൊണ്ട് ശിവ ൻ ഉഗ്രതാണ്ഡവമാടി. ദേവകൾ അമ്പരന്നു. ലോകം നശിച്ചുപോ കുമെന്ന് അവർ ഭയന്നു. പ്രതി വിധിക്കായി ശേഷശയനനെ അഭ യം പ്രാപിച്ചു. ഉടൻതന്നെ ഭഗ വാൻ സുദർശനചക്രവുമായി താ ണ്ഡവമൂർത്തിയെ പിൻതുടർ ന്നു ശിവൻ ചുമലിൽ ഭേസിയി രുന്ന സതീജഡത്തെ സുദർശന ചക്രത്താൽ 108 ആയി ഖണ്ഡി ച്ചുതള്ളി. അവസാനമായപ്പോഴേ ക്കും ചുമലിൽ സതിയുടെ ജഡം കാണാത്തതിനാൽ ശിവൻ താണ്ഡവ നൃത്തത്തിൽ നിന്നും വിര മിച്ചു. തിരിഞ്ഞുനോക്കിയപ്പോ ൾ പിന്നാലെ സുസ്മേരവദനനാ യി നിൽക്കുന്ന ഹരിയെയാണ് കണ്ടത്. ജഡം ചുമലിൽ കാണാ ത്തതിനു കാരണക്കാരൻ വിഷ്ണുവാണെന്ന് മനസ്സിലാക്കി യ ഹരൻ ''അങ്ങും ഭാര്യാവിരഹ

[16–ാം പേജിന്റെ തുടർച്ച]

ക്കിയതും അതു തന്നെ ആണെ ന്ന്. ലാഭം കിട്ടുന്നില്ലെങ്കിൽ ബിസിനസ്സ് എന്തിന്?

ഇനിയും ജീവിക്കാനൊരു ജോലിയും, അതിനുമാത്രം പണ വും കിട്ടിയാൽ ഇദ്ദേഹം തൃപ്തനല്ല; അപ്പോൾ സ്റ്റാറ്റസിന്റെ പ്രശ്നം വരും. കഷ്ടം! നാം മൃഗത്തെപോലെ കുനിഞ്ഞ് തറയിലേക്ക് മാത്രം നോക്കാൻ അഭ്യസിച്ചിരിക്കുന്നു. ശാശ്വത സത്യങ്ങൾ ഒളിഞ്ഞുമാറി നില് ക്കേണ്ടതായിവരുന്നു. പാശ്ചാ ത്യർ പണ്ടെങ്ങോ വലിച്ചെറിഞ്ഞ ആ ഭൗതികതയുടെ കറുത്ത കുപ്പാ യം നമ്മുടെ യുവലോകത്തിന് ഇന്ന് പാകമായിരിക്കുന്നു. അവ രുടെ മദ്ധ്യത്തിലിരുന്നുകൊണ്ട് ഒരു വൃദ്ധൻ മുരളുന്നു മോക്ഷം! മോക്ഷം എന്ന്. അർത്ഥ മറിയുന്നതിനു മുൻപു് തന്നെ അവർ കൂക്കുവിളിച്ചുതുടങ്ങുക യില്ലെ?

—•—

ന്താൽ ദുഃഖിക്കുവാൻ ഇടവരട്ടെ' എന്നു ശപിക്കുന്നു. ഇതുകേട്ട ഭഗവാൻ — എന്നാൽ അക്കാലത്ത് അങ്ങ് എന്നെ സഹായിക്കാനായി വാനര രൂപത്തോടു കൂടിയവനായി ഭവിച്ചാലും എന്നു ശപിച്ചു പിരിഞ്ഞു.

സതീദേവിയുടെ മൃതദേഹ ഖണ്ഡങ്ങൾ വീണ സ്ഥാനങ്ങളിലാണ് ഇന്നത്തെ 108 ദേവീക് ഷേത്രങ്ങൾ സ്ഥിതി ചെയ്യുന്നത്. പ്രസ്തുത സ്ഥാനങ്ങളിലാണ് പരശുരാമൻ ദേവീക്ഷേത്ര പ്രതിഷ്ഠ നടത്തിയിട്ടുള്ളത്.

മണ്ടയ്ക്കാടിനെപ്പറ്റി മറ്റൊരു ഐതീഹ്യം പ്രചരിച്ചു കാണുന്നു. ഈ ക്ഷേത്രത്തിലെ പ്രതിഷ്ട ഒരു മൺപുറ്റാണ്. ഇതിനു മുൻപിലായി ദേവീവിഗ്രഹം പ്രതിഷ്ടിച്ചിട്ടുണ്ട്. പുറ്റിന് ഏകദേശം മുപ്പതടിയോളം പൊക്കവും ഇരുപത് അടിക്കുമേൽ വണ്ണവും കാണുന്നു. മുൻകാലത്ത് ഈ പുറ്റ് വളരെ ചെറുതായിരുന്നു എന്നും, ഇപ്പോഴത്തെ അതിന്റെ പതിൻമടങ്ങ് വളർന്നിട്ടുള്ളതായും പഴമക്കാർ പറയുന്നു. ഈ പുറ്റിനുള്ളിൽ നിന്നും രാത്രികാലങ്ങളിൽ വൻ ശബ്ദത്തോടുകൂടിയ ചീറ്റൽ ശബ്ദം കേൾക്കപ്പെടുന്നതായി സമീപവാസികളും പറയുന്നു. ഈ പുറ്റിനുള്ളിൽ ഒരു അത്ഭുതലസർപ്പം കുടികൊള്ളുന്നു എന്നാണ് ജനവിശ്വാസം. എന്തു പറഞ്ഞാലും വൻശക്തിയുള്ള ഒരു മൂർത്തീവിശേഷമാണ് മണ്ടക്കാട്ടമ്മദേവി.

പണ്ടൊരിക്കൽ വടക്കേ ഇൻഡ്യയിൽ ഉള്ള പുരിയിൽനിന്നും ഒരു ഗോസായി യതിവര്യൻ ഈ സ്ഥലത്ത് വന്നുചേർന്നു. ഇന്ന് ദേവീക്ഷേത്രം കാണുന്ന സ്ഥാനത്ത് അദ്ദേഹം മൂന്നു ദിവസം ഉഗ്രതപം ചെയ്തു വാണു. മൂന്നാം ദിവസം ഒരു സർപ്പശ്രേഷ്ടൻ അദ്ദേഹത്തിന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു; ഉടൻതന്നെ അന്തർദ്ധാനം ചെയ്യുകയും ചെയ്തു. ആ സ്ഥലത്ത് ആ യോഗിവര്യൻ തന്റെ കൈവശമുണ്ടായിരുന്ന 'ശ്രീചക്രം ഒരു മണൽതിടൽ പിടിച്ച് അതിൽ പ്രതിഷ്ടിച്ചു പൂജിച്ചുവന്നു. ഇദ്ദേഹം വന്നതുമുതൽ കീഴക്കര, മണവാളക്കുറിച്ചി, തലക്കുളം ഇരണിയൽ, കൂട്ടുമംഗലം, കടിയപട്ടണം, പറയൻവിള എന്നീ സ്ഥലങ്ങളിൽ നിന്നും ആടുമാടുകളെ തീറ്റാൻ വരുന്ന ചെറുബാലൻമാർ ആ യോഗിവര്യനു വേണ്ട സഹായങ്ങളും നൽകിവന്നിരുന്നു. അദ്ദേഹവും അവർക്ക് വേണ്ട സഹായം നൽകി വന്നിരുന്നു. ഇരുകൂട്ടർക്കും സംഭാഷണശൈലി വശമില്ലാത്തതിനാൽ ആംഗ്യവിക്ഷേപത്തിൽക്കൂടി അവർ

അന്യോന്യം സംസാരിച്ചിരുന്നു. കാലം ചിലതു കഴിഞ്ഞു. ശ്രീചക്രത്തിനെ ഒരു പുറ്റ് ആവരണം ചെയ്തുകഴിഞ്ഞിരുന്നു. അത് നാളിനുനാൾ വളർന്നുകൊണ്ടേയിരുന്നു. ദിവസവും ആ യതിവര്യൻ ബാലൻമാർ നൽകി വന്നിരുന്ന പശുവിൻപാൽ ആ പുറ്റിന് നിവേദിച്ചുവന്നു. ആ സമയം പുറ്റിനുള്ളിൽ നിന്നും ഒരു സർപ്പം പുറത്തു വന്ന് ആ പാലിനെ കുടിച്ചു വന്നിരുന്നു.

ഇങ്ങനെ ഇരിക്കെ ഒരു ദിവസം ആ യതിവര്യൻ ബാലൻമാരോട് ഒരു കുഴി കുഴിക്കാൻ ആവശ്യപ്പെട്ടു. അവർ പുറ്റിനു എതിരിലായി യോഗിവര്യൻ നിർദ്ദേശിച്ച സ്ഥാനത്ത് ഒരു കുഴിതോണ്ടി. അദ്ദേഹം അതിനുള്ളിൽ കയറി ശയിച്ചു. എന്നിട്ട് ബാലൻമാരോട് മണ്ണിട്ടു മൂടുവാൻ കല്പിച്ചു. വികൃതികളായ കന്നുകാലിപിള്ളർ മറ്റൊന്നും ചിന്തിക്കാതെ അപ്പടി ചെയ്തു. നിമിഷമാത്രയിൽ ഘോരമാരി ചൊരിഞ്ഞു. പിള്ളർ മാടുകളെയും കൊണ്ട് ഭവനങ്ങളിലേക്ക് മടങ്ങുകയും ചെയ്തു. മാരി ചൊരിയുകയാണ്. ഈ വിവരം പിള്ളർ വീടുകളിൽ ചെന്നു പറഞ്ഞു. അവർ പരിഭ്രമിച്ചു. മഴ നിന്ന ഉടൻ ആ രാത്രിയിൽ തന്നെ അവർ വിളക്കുകളുമായി സംഭവസ്ഥാനത്തേക്ക് പാഞ്ഞു. ബാലൻമാർക്ക് കുഴിച്ചിട്ട സ്ഥാനം കണ്ടുപിടിക്കാൻ സാധിച്ചില്ല. അവർ വല്ലാതെ പരിഭ്രമിച്ചു. ഒടുവിൽ അവർ നിരാശരായി പോവുകയും ചെയ്തു. ആ യോഗിവര്യൻ സ്വയം സമാധി സ്ഥനാവുകയാണ് ഉണ്ടായത് എന്നുള്ള വിവരം അവർക്കറിയാൻ കഴിഞ്ഞില്ല.

ഈ സംഭവത്തിനു ശേഷം എല്ലാപേർക്കും പരിഭ്രമമായി. സന്യാസി ഉയർന്നെണീറ്റ് വന്നേക്കുമെന്നവർ ഭയന്നു. എന്നാലും അവർ മാടുകളെ മേയ്ക്കാൻ വേണ്ടി അവിടെത്തന്നെ വന്നിരുന്നു. പക്ഷേ ആ പുറ്റിനു സമീപം മാത്രം ആരും തന്നെ ചെന്നിരുന്നില്ല. ഒരു ദിവസം പാണ്ടിയനാട്ടിൽ നിന്നും ഒരു കൂട്ടം മറവപ്പട ഈ ആടുമാടുകളെ അപഹരിക്കാൻ മുതിർന്നു. അപ്പോഴും ആ ബാലൻമാർ യോഗിവര്യനെ വിളിച്ചുകേണു. നിമിഷമാത്രയിൽ പുറ്റിനെറ ഉള്ളിൽനിന്നും ഒരു ഉഗ്രൻ സർപ്പം ചീറി പാഞ്ഞു വന്ന് മറവപ്പടയെ വിരട്ടി ഓടിച്ചു. സർപ്പം ആ പുറ്റിൽ തന്നെ മറയുകയും ചെയ്തു. അന്നു മുതൽ കന്നുകാലി പിള്ളർ ആ പുറ്റിനു സമീപം പാൽ കറന്നു വച്ച് നിവേദിക്കുക പതിവായി. സർപ്പമാകട്ടെ അവയെ സ്വീകരിച്ചും വന്നു. പുറ്റിനെ

പുല്ലുകൂം കൈയ്യടക്കി പുറത്തു കാണാതെയാക്കി.

കാലം ചിലതു കഴിഞ്ഞു. ഒരു ദിവസം കൂട്ടുമംഗലം പണ്ണയരുടെ മാടുകളെ വിലയ്ക്കുവാങ്ങുന്നതിനായി വടക്കൻ തിരുവിതാംകൂറിൽ നിന്നും കുറച്ചു വ്യാപാരികൂം ഇവിടെ വന്നുചേർന്നു അവരെ ഒരു സംഘം തസ്കര പ്രമാണികൂം വളഞ്ഞു. പണം മോഷണം ചെയ്യുന്നതിനായി മുതിർന്നു അവർ ദേവിയെ വിളിച്ചു കരഞ്ഞു. തൽസമയം പുററിന്റെ സ്ഥാനത്തു നിന്നും ഒരു ജ്യോതിസ്വരൂപം പ്രത്യക്ഷമായി തസ്കര സംഘത്തിനു നേരെ വണ്ടിൻസമൂഹമായി പരിണമിച്ചു പൊരുതി; വിരട്ടിയോടിച്ചു. ആ ദിവ്യരൂപം പുററിന്റെ സ്ഥാനത്ത് അന്തർധാനം ചെയ്യുന്നതുമവർ കണ്ടു. അവർ ആ സ്ഥാനത്തെ ''മണൽക്കാട്ട് അമ്മ'' എന്ന പേരും നൽകി ഭക്തിയാദരപുരസ്സരം പൂജിച്ചു. കാണിക്കകളും മററും പുററിൽ നിക്ഷേപിച്ചിട്ട് അവർ നാട്ടിലേക്കു മടങ്ങി. ഈവിവരം കേരളക്കരയിൽ ഉടനീളം പ്രസിദ്ധിയായി. പ്രസ്തുത സ്ഥലം കാണുന്നതിനായി ആളുകൂം വടക്കു നിന്നും വന്നുതുടങ്ങി.

ഇങ്ങനെ വർഷങ്ങൂം പലതു കഴിഞ്ഞു. ഒരു ദിവസം കൂട്ടുമംഗലം പണ്ണയരുടെ ജോലിക്കാരിയായ മണ്ടപ്പുലയി പുല്ലറുക്കുന്നതിനായി അവിടെ വന്നു. പുററിനു ചുററും തഴച്ചുകൂടിക്കിടന്ന പുല്ലിനെ അവൾ അറത്തു കൂട്ടിത്തുടങ്ങി. അവളുടെ അറപ്പുകത്തി ആ പുററിൽ കൊണ്ട് മുറിയുകയും തൽസ്ഥാനത്തു നിന്നും രക്തം ധാരയായി വമിക്കുകയും ചെയ്തു. ഇതു കണ്ട പുലച്ചി ''കാട്ടിലമ്മോ'' എന്ന് നിലവിളിച്ച്, ബോധം കെട്ടുവീണു. മാടുമേച്ചു നിന്ന പിള്ളർ ഇതുകേട്ട് ഓടിക്കൂടി. പാമ്പ് ദംശിച്ചിരിക്കുമെന്നവർ ശങ്കിച്ചു. കൂട്ടുമംഗലം പണ്ണയർ വിവരമറിഞ്ഞ് ഓടിയെത്തി. അപ്പോൂം അദ്ദേഹത്തിന് കുഴിച്ചുമൂടപ്പെട്ട ഗോസായി യതിവര്യന്റെ സ്മരണയുണ്ടായി. മുറിവുപററിയ പുററിൽ വീട്ടിൽനിന്നും ചന്ദനം വരുത്തി തേച്ച് രക്തസ്രാവം നിലപ്പിച്ചു. പ്രസ്തുത സ്ഥാനത്ത് ഒരു ഓലപ്പുരയും വച്ചുകെട്ടി. മണ്ടപ്പുലച്ചി കണ്ടുപിടിച്ചതിനാലും, കാട്ടിലമ്മയായതിനാലും അതിനെ ''മണ്ടയ്ക്കാട്ടമ്മ'' എന്ന പേർ കിട്ടി. പണ്ണയർ തന്റെ പരദേവതാക്ഷേത്രത്തിൽ ജോലിനോക്കി വന്നിരുന്ന ഗുരുക്കളെക്കൊണ്ട് പ്രസ്തുത ക്ഷേത്രത്തിലെ പൂജയും നടത്തിത്തുടങ്ങി.

സന്യാസിയെ കുഴിച്ചുമൂടപ്പെട്ട സ്ഥാനം കണ്ടുപിടിക്കു

ന്നതിനായി പരിസരംമുഴുവനും കിളച്ചു മറിച്ചു. അപ്പോഴും കുറച്ചുസ്തിപഞ്ജരം പുറത്തിനു് എതിരായി ഇടതു ഭാഗത്തു് കാണപ്പെട്ടു. ആ സ്ഥാനത്തെ യോഗിവര്യന്റെ ദിവ്യസമാധിസ്ഥലമായി കരുതി പൂജിച്ചു തുടങ്ങി. ഇങ്ങനെ കർണ്ണാകർണ്ണികയായി വിവരം നാട്ടിൻറെനാനാഭാഗത്തും എത്തി. കേരളക്കരയിൽ നിന്നും നിരവധിപേർ 41 ദിവസം വ്യത മനുഷ്ടിച്ചു് ''മണ്ടയ്ക്കാട്ടമ്മ ദേവീ ശരണം'' എന്നുള്ള മുദ്രാവാക്യവും മുഴക്കിക്കൊണ്ടു് ശബരിമലയിൽ പോകുന്നതു പോലെ വന്നുതുടങ്ങി. കൊല്ലത്തു നിന്നു് നിരവധി സ്ത്രീപുരുഷൻമാർ കാൽനടയായി തീർത്ഥങ്ങളാടി ഇവിടെ വന്നു് ദേവിയെ വഴിപ്പെടുന്നു. മണ്ടക്കാട്ടമ്മക്കു് നേർന്നു് എന്തു കാര്യം ചെയ്താലും ആയതു് വിജയിക്കുമെന്നാണു്വിശ്വാസം. മാശി മാസം തോറും നേർച്ചകളുമായി കുതിച്ചുപായുന്ന ജനസമൂഹത്തെകാണേണ്ടഒന്നു തന്നെയാണു്.

കൂട്ടുമംഗലം പണ്ണയരുടെ വകയായി വർഷാവർഷം ചന്ദനക്കുടം എഴുന്നള്ളിച്ചു കൊണ്ടു വന്നു് പുറനിൽ പൂശി പൂർവ്വചരിത്രത്തെ ആചരിച്ചുവരുന്നു.

മാശിമാസാവസാനം ചെവ്വാഴ്ച കൊട നടത്തത്തക്കവണ്ണം ഉൽസവം നടത്തിവരുന്നു. വലിയ പടുക്ക വളരെ വിശേഷമാണു്. ഇതു് കൊടക്കു മുൻപുള്ള വെള്ളിയാഴ്ചയായിരിക്കും. കൊടയുടെ അന്നു് രാത്രി ഒടുക്കുപൂജ നടത്തിവരുന്നു. പത്തു ദിവസത്തെ ഉൽസവം നടത്തിവരുന്നു. മണ്ടയ്ക്കാട്ട്ദേവി വൻശക്തിയുള്ള ഒരു ദേവീക്ഷേത്രമാണു്. ജാതിമതഭേദമെന്യേ എല്ലാ മതവിഭാഗക്കാരും ഈ ദേവീദർശനത്തിനായി തടിച്ചുകൂടാറുണ്ടു്. കടൽതീരത്തു താമസിക്കുന്ന 'നൊളയർ' സമുദായക്കാർ ദേവിയിൽ അതീവ ഭക്തിവിശ്വാസമുള്ളവരാണു്. ചെറുമുളകു്, ഉപ്പു്, മരം കൊണ്ടു ചെയ്ത കൈ, കാൽ, മണ്ട, മാറു് പൊമ്മകം, ദീപയഷ്ടി, കൊടികം തുടങ്ങിയവ നടക്കു വച്ചു് കാണിക്കയർപ്പിച്ചു വരുന്നു. പൊങ്കാല വഴിപാടു് അതിവിശേഷം. മണ്ടയപ്പം എന്ന വഴിപാടു് മുഖ്യമാകുന്നു. ശബരിമല പോലെ കേരളീയർ അതി വിശ്വാസ ഭക്തിയോടുകൂടി പൂജിച്ചുവരുന്ന ഒരു മൂർത്തീവിശേഷമാണു് മണ്ടയ്ക്കാട്ട് ദേവീക്ഷേത്രം.

ക്ഷേത്രത്തിനു് ഇടത്തായി കൂട്ടുമംഗലം പണ്ണയരുടെ പരമ്പരയിൽപ്പെട്ടവർ ഒരു ശാസ്താക്ഷേത്രം പൂർവ്വാഭിമുഖമായി പണിയിച്ചു. വലിയ പടുക്കയുടെ

[ശേഷം 24–ാം പേജിൽ]

★ -കടാക്ഷം- ★

[പൊൻകുന്നം എം. ആർ. കെ. നായർ ബി. എ. ബി. എൽ.]

വില്ലോ പുഷ്പമയം;
മധുവ്രതമയം ഞാണാണ്;
ബാണങ്ങളോ
ചൊല്ലാനഞ്ച്; വസന്തനാണ്
സചിവൻ;
പോർത്തേരു തെങ്കാറുറുതാൻ;
എല്ലാമീവിധമെങ്കിലും,
ഗിരിസുതേ! നിന്ദ്യ–
ക്കടാക്ഷത്തിൽ നി–
ന്നുള്ളേളതോ ദയയാലനംഗനൊ
രുവൻ
വെൽവൂ ജഗത്താകവേ.

ശ്രീമദ് ശങ്കരാചാര്യസ്വാമി തിരുവടികളാൽ രചിക്കപ്പെട്ടതെന്നു ഭൂരിപക്ഷം പണ്ഡിതരും വിശ്വസിക്കുന്ന അതിപ്രസിദ്ധവും മഹത്തരവുമായ സൗന്ദര്യ ലഹരി എന്ന മഹാമന്ത്രമാലയിലെ ആറാം പുഷ്പത്തിന്റെ ഏകദേശം വിവർത്തനമാണു മേൽ കൊടുത്തിരിക്കുന്ന ശ്ലോകം. ദേവീ കടാക്ഷമഹിമയെ നിതരാം പ്രകടമാക്കുന്ന ഈ ശ്ലോകത്തിലേക്കു നമുക്കൊന്നു കടന്നുചെല്ലാം.

(1) **വില്ലോപുഷ്പമയം**

കാമന്റെ വില്ലു പൂക്കളെ കൊണ്ടു നിർമ്മിക്കപ്പെട്ടതാണ്. ഒന്നു ഞെരടിയാൽ തകർന്നു പോകത്തക്ക മൃദുലതയുള്ളവയാണല്ലോ പൂക്കൾ. വലിച്ചു കുലയ്ക്കത്തക്ക രീതിയിൽ അവയെ നിബന്ധിച്ചു ഒരു വില്ലുണ്ടാക്കാനും അതിനു യാതൊരുകോട്ടവും വാട്ടവും കൂടാതെ ഇന്നോളം കൊണ്ടു നടക്കാനും എങ്ങിനെ കഴിഞ്ഞു?

(2) **മധുവ്രതമയം ഞാണാണ്**

വില്ലിന്റെ ദൗർബല്യം നാം കണ്ടു. ഇതിലും വിശേഷമാണു ഞാണിന്റെ കഥ. തേനെവിടെയുണ്ടെന്നു കണ്ടാലും അങ്ങോട്ടെല്ലാം പാഞ്ഞുപോകുന്ന സ്വഭാവമാണു വണ്ടിനുള്ളതെന്നു ആർക്കാണറിവില്ലാത്തത്? ഇന്നത്തെ പൂക്കളിൽ നാളെ അവ വരികയുമില്ല ഒരിടത്തും ഉറച്ചിരിയ്ക്കയില്ല വണ്ടുകൾ. മുരണ്ടു പറന്നു നടക്കാനാണവയ്ക്കിഷ്ടം. അവയെ അടക്കിയൊതുക്കി ഒരു ഞാണാക്കി തളച്ചിടാൻ തുലോം പ്രയാസം തന്നെ.

(3) **ബാണങ്ങളോ ചൊല്ലാനഞ്ച്**

കാമദേവനു അഞ്ചേ അഞ്ച

മ്പേയുള്ളു. ആവശ്യത്തിനുള്ള അമ്പുകളം വേണ്ടേ ഒരു പോരാളിക്കു പൊരുതാൻ! അഞ്ചെണ്ണവും തൊടുത്തയച്ചുകഴിഞ്ഞാൽ പിന്നെ അയാംക്ക് സസേമിരേ എന്നു നടക്കാനേ ആകൂ. ഉള്ള ബാണങ്ങളം തന്നെ എമ്മാതിരിയാണ്? മാർദ്ദവത്തിനും കനമില്ലായ്മക്കും പ്രസിദ്ധമായ പൂക്കളം.

(4) വസന്തനാണു സചിവൻ

യുദ്ധത്തിനു തിരിക്കുന്നവനു സ്ഥായിയായ സുഹൃത്തുക്കളും ഉപദേഷ്ടാക്കളും ആവശ്യമാണ്. കാമന്റെ ഉപദേഷ്ടാവാരാണ്? വസന്തൻ. പേരുകൊണ്ടു തന്നെ അറിയാം, അയാളം കാലസ്വരൂപനാണ്; എന്നാലുമെക്കാലത്തേക്കും അയാളെ കിട്ടില്ല ഒരാണ്ടിൽ രണ്ടു മാസത്തേക്കു മാത്രമേ അയാളുടെ സേവനം ലഭ്യമാകൂ. യുദ്ധക്കളത്തിനേക്കാളം അയാംക്കിഷ്ടം പൂവനങ്ങളോടുമാണ്.

(5) പോർത്തേരു തെക്കാറാറുതാൻ?

കാമന്റെ തേരോ! തെക്കൻ കാറ്റ്! എല്ലാ ദിക്കിലേക്കും ഓടുകില്ലാത്ത ഓടിക്കാൻ വയ്യാത്ത ഒരു തേരാണിത്. എങ്ങിനെ എവിടെ കയറിയിരിക്കുമിതിൽ?

(6) അനംഗനൊരുവൻ

കാമനു കൂട്ടാരുമില്ല. അയാളൊറ്റക്കാണു പോരിനിറങ്ങിത്തിരിക്കുന്നത്. ധാരാളം കൂട്ടുകാരും സിൽബന്ധികളും ഭടജനങ്ങളും പടക്കോപ്പുകളുമൊക്കെയുണ്ടെങ്കിലേ ഒരു യുദ്ധം നടത്താനും ജയിക്കാനും പറ്റൂ. പരാമൃഷ്ടനായ യുദ്ധവീരൻ ഏകനാണെന്നു മാത്രമല്ല, അനംഗൻ കൂടിയാണ്. എന്താ പോരേ? അയാംക്ക് ദേഹമേയില്ല. പിന്നെങ്ങിനെ അയാം വില്ലെടുക്കും, തൊടുക്കും? എങ്ങിനെ അയാം തേരിലേറും, ഓടിക്കും?

ഇങ്ങിനെ ആലോചിച്ചുനോക്കിയാൽ, എല്ലാ സാഹചര്യങ്ങളും ഒരുപോലെ പ്രതികൂലമായി

[22–ാം പേജിന്റെ തുടർച്ച]

മുൻദിവസം 'ശാസ്താപ്രീതി' എന്ന വഴിപാട് നടത്തിവരുന്നു. ഇതു പിടാകക്കാരാണ് നടത്തിവരുന്നത്. ശാസ്താക്ഷേത്രത്തിന് പൂർവ്വഭാഗത്തായി ഗണപതിക്ഷേത്രം സ്ഥിതിചെയ്യുന്നു. ദേവീക്ഷേത്രം വടക്കു ദർശനം. പിന്നിലായി സമുദ്രം സ്ഥിതിചെയ്യുന്നു. ഭക്തൻമാർക്ക് ജലദൗർലഭ്യം നേരിട്ടാൽ കടൽ പൊങ്ങി തോട്ടിൽ വെള്ളം താനേ നിറയുന്നു.

രിക്കുന്ന ഒരവസ്ഥയിൽ കാമൻ ഒന്നോ രണ്ടോ പേരോടു മാത്രമല്ല യുദ്ധം ചെയ്യുന്നതു്; അയാൾ ജഗത്താകവെ വെന്നു കീഴടക്കുന്നു. ശിവമനസ്സിനെ കീഴടക്കാനേ കാമദേവനെക്കൊണ്ടുദ്ദേശിച്ചിരുന്നുള്ളു. ആ കാര്യം നേടിക്കഴിഞ്ഞും അയാൾ ഇന്നും ജീവിച്ചിരുന്നു ലോകത്തെ മുഴുവൻ ദാസനാക്കുന്നു.

ഈ സാമർത്ഥ്യമെല്ലാം കാമനെവിടെനിന്നു കിട്ടി? ദേവിയുടെ തൃക്കടാക്ഷത്തിൽ നിന്നു്! ദേവീകടാക്ഷം ലഭിച്ചവനു ലോകത്തിലസാധ്യമെന്നു പറയാനൊന്നുമില്ല. നെപ്പോളിയൻ പറഞ്ഞതുപോലെ, അസാധ്യമെന്നോ? അങ്ങിനെ ഒരു വാക്കു് എന്റെ നിഘണ്ടുവിലില്ല' എന്നാണു് അയാളുടെ നീലപാടു്, ദേവിയുടെ ദാസനായി, ദേവിയ്ക്കു വേണ്ടി പ്രവർത്തിയ്ക്കാനാണു് കാമനിറങ്ങിത്തിരിച്ചതു്. അതുകൊണ്ടാണു് ദേവി കാമനെ കടാക്ഷിച്ചനുഗ്രഹിച്ചതു് നമ്മളും അതുപോലെ ദേവീദാസരായി, അഹന്താമമതകളം വെടിഞ്ഞു്, ദേവീപ്രീത്യർത്ഥം കർമ്മങ്ങളനുഷ്ഠിച്ചാൽ തീർച്ചയായും ദേവി നമ്മെയും അനുഗ്രഹിയ്ക്കാതിരിയ്ക്കയില്ല.

ഭഗവാൻ ശ്രീരാമചന്ദ്രൻ കനിഞ്ഞൊന്നു നോക്കിയപ്പോൾ വാനരലക്ഷങ്ങളുടെ ദേഹത്തുണ്ടായിരുന്ന മുറിവുകളും മുഴുവൻ കരിഞ്ഞതായും അവർക്കു പൂർവ്വാധികമുൻമേഷമുണ്ടായതായും രാമായണത്തിൽ വർണ്ണിച്ചിരിയ്ക്കുന്നു ഭഗവത് കടാക്ഷത്തിനുവേണ്ടി പ്രാണൻ പൊരിയുന്ന ഗോപികമാരുടെ കാര്യം ഭാഗവതത്തിൽ വിവരിച്ചിട്ടുണ്ടു്. കടാക്ഷം കൊണ്ടു (ദൃഷ്ടി ദീക്ഷ) ശിഷ്യരെ പ്രബുദ്ധരാക്കുന്ന ആചാര്യൻമാർ ഇന്നും ഭാരതത്തിൽ ജീവിച്ചിരിപ്പുണ്ടു്. പരാർത്ഥം ജീവിക്കുന്നതിനുള്ള ഉറച്ച തീരുമാനമോ തയ്യാറെടുപ്പോ മഹത്തായ ഒരാദർശം പിന്തുടരാനുറയ്ക്കയോ ചെയ്യുമ്പോൾ അവിടെ കടാക്ഷമഹിമ വെളിപ്പെടുന്നു. ഈശ്വരന്റെയോ ഈശ്വര സ്വരൂപനായ ഗുരുവിന്റെയോ കടാക്ഷം കൂടാതെ ഒരു മഹൽകാര്യവും ഇന്നേവരെ നടന്നിട്ടില്ല; തികച്ചും സേവനാത്മകമായ ഒരു ജീവിതമുണ്ടായിട്ടുമില്ല.

''ദൃശാദ്രാഘീയസ്യാ ദരദലിത
നീലോല്പല രുചാ
ദവീയാംസം ദീനം സ്നപയ
കൃപയാ മാമവി ശിവേ!
അനേനായം ധന്യോ ഭവതി ന
ച തേ ഹാനിരിയതാ
വനേ വാ ഹർമ്മ്യേ വാ സമകര
നിവാതോ ഹിമകരഃ''

എന്നു നമുക്കു പ്രാർത്ഥിയ്ക്കാം.



നാരദപരിവ്രാജകോപനിഷത്

(കെ. പി. ഗോപാലപിള്ള, വട്ടപ്പാറ)

(തമിഴിൽ നിന്നും വിവർത്തനം) (തുടർച്ച)

[അദ്ധ്യായം രണ്ട്] **അഥദ്വിതീയോപദേശഃ**

(1) ''അഥൈനംഭഗവംതംനാരദംസർവെശൗനകാദയഃ
പപ്രച്ഛുർഭോഭഗവൻസന്യാസവിധിംനോബ്രൂഹീതി''

രണ്ടാം ഉപദേശം

സനകാദിഋഷികളെല്ലാവരും ഭഗവാനാകിയ നാരദനെ നോക്കി, അല്ലയോ ഭഗവാനെ! സന്യാസവിധിയെ ഞങ്ങൾക്കായിക്കൊണ്ട് അരുളിച്ചെയ്യേണമേ.

(2) ''താനവലോക്യനാരദസ്തത്സ്വരൂപംസർവൗപിതാമഹാ
മുഖൈനൈവജ്ഞാതുമുചിതമിത്യുക്ത്വാസത്രയാഗപൂർത്യ
നംതരംതൈസഹസത്യലോകംഗത്വാവിധിവദ്ബ്രഹ്മ–
നിഷ്ടാപരംപരമേഷ്ഠിനംതത്വാസ്തുത്വായഥോചിതം
തദാജ്ഞയാതൈസ്സഹോപവിശ്യനാരദഃപിതാമഹമുവാച'

അവരെ നോക്കി നാരദൻ, അതിൻ സ്വരൂപം എല്ലാം ബ്രഹ്മാവിന്റെ വാക്കിനാൽ അറിയുന്നതു യുക്തമെന്നു പറഞ്ഞു. സത്രയാഗം പൂർത്തിയാക്കിയതിനുശേഷം ആ ശൗനകാദി ഋഷികളോടുകൂടി നാരദൻ സത്യലോകത്ത് ചെന്ന് ബ്രഹ്മനിഷ്ഠനായിരിക്കുന്ന ബ്രഹ്മാവിനെ വിധിപ്രകാരം നമസ്ക്കാരം ചെയ്തു സ്തോത്രം ചെയ്തു ശൗനകാദികളോടുകൂടി ബ്രഹ്മാവിൻ ആജ്ഞയാൽ യഥോചിതം ഇരുന്നു. നാരദൻ ബ്രഹ്മാവിനെ നോക്കി ഇപ്രകാരം പറഞ്ഞു.

(3) ''ഗുരുസ്ത്വംജനകസ്ത്വംസർവവിദ്യാരഹസ്യജ്ഞ
സർവജ്ഞസ്ത്വമതോമദിഷ്ടംരഹസ്യമേകംവക്തവ്യം

തവാംവിനാമദഭിമതരഹസ്യംവക്തുംകസമർത്ഥഃ
കിമിതിചേദ്പരിവ്രാജ്യസ്വരൂപക്രമംനോബ്രൂഹിതി''

അങ്ങ് ഗുരുവും പിതാവും സകല വിദ്യയുടേയും രഹസ്യം അറിഞ്ഞവനും എല്ലാം അറിഞ്ഞിരിക്കുന്നവനും ആകയാൽ എനിക്ക് ഇഷ്ടമായ ഒരു രഹസ്യ തത്വത്തെ അരുളിച്ചെയ്യണം അങ്ങല്ലാതെ എനിക്ക് ആവശ്യമായ ഒരു രഹസ്യത്തെ പറഞ്ഞുതരുന്നതിന് മറ്റ് ആരാണ് സമർത്ഥനായിട്ടുള്ളത്. അതിനാൽ സന്ന്യാസത്തിന്റെ സ്വരൂപത്തെ എനിക്കു പറഞ്ഞുതന്നാലും.

(4) ''നാരദേന പ്രാർത്ഥിതഃ പരമേഷ്ടിസർവതസ്സർവാന—
വലോക്യമുഹൂർത്തമാത്രം സമാധിനിഷ്ഠോഭൂത്വാ
സംസാരാർത്തിനിവൃർത്യന്വേഷണമിതിനിശ്ചിത്യ
നാരദമവലോക്യതമാഹപിതമഹഃ''

എന്ന് നാരദനാൽ പ്രാർത്ഥിക്കപ്പെട്ടതിന് ബ്രഹ്മാവ് നാലുവശവും എല്ലാവരേയും നോക്കി, ഒരു മുഹൂർത്തം ധ്യാനിച്ച് സംസാരദുഃഖനിവർത്തിരഹസ്യം വിചാരിക്കുന്നുണ്ട് എന്ന് നിശ്ചയിച്ച് നാരദനെ നോക്കി ബ്രഹ്മാവ് പറയുന്നു.

(5) ''പുരാ, മൽപുത്ര! പുരുഷസൂക്തോപനിഷദ്രഹസ്യ
പ്രകാരനിരതിശയാകാരാവലംബിനാവിരാട്പുരുഷേണോപദിഷ്ടം രഹസ്യം തേവിവിച്യോച്യതേ
തത്ക്രമമതിരഹസ്യം ബാഡമവഹിതോഭൂത്വാശ്രുയതാം''

അല്ലയോ പുത്രാ! മുൻപ് പുരുഷസൂക്തോപനിഷത് പ്രകാരം നിരതിശയാകാരമായിരുന്ന വിരാട് പുരുഷനാൽ ഉപദേശിക്കപ്പെട്ട രഹസ്യമായത് നിനക്കു പറഞ്ഞുതരാം. അതിന്റെ ക്രമം അതിരഹസ്യമാണ്. അത് നല്ലപോലെ ശ്രദ്ധിച്ച് കേട്ടം കേണ്ടതാണ്.

(6) ''ടോനാരദ! വിധിപദാഭാവനുപനീതോപനയനാ—
നംതരംതത്തത്കുലപ്രസൂതഃ പിതൃമാതൃവിധേയഃ
പിതൃസാമീപാദന്യത്രസദ്സംപ്രദായസ്ഥംശ്രദ്ധാവംതം
സത്കുലഭവംശ്രോത്രിയംശാസ്ത്രവാത്സല്യംഗുണവജ്ഞ
മകുടിലംസദ്ഗുരുമാസാദ്യനത്വായഥോപയോഗ
ശുശ്രൂഷാപൂർവകംസ്വാഭിമതംവിജ്ഞാപ്യ''

അല്ലയോ നാരദാ! നല്ല കുലത്തിൽ ജനിച്ചവനും അച്ഛ

നമ്മമാർക്ക് കീഴ്പ്പെട്ടവനുമായ ബാലൻ വിധിപ്രകാരം ആദ്യം ഉപനയനത്തിനു ശേഷം പിതാവിനെ വിട്ട് നില്ക്കുന്ന നല്ല സംപ്രദായമുള്ളവനായും ശ്രദ്ധയുള്ളവനായും നല്ല കുലത്തിൽ ജനിച്ചവനായും ശ്രോത്രീയനായും ശാസ്ത്രത്തിൽ അഭിമാനമുള്ളവനായും നല്ല ഗുണമുള്ളവനായും കപടമില്ലാത്തവനായുമുള്ള സദ്ഗുരുവിനെ സമീപിച്ചു അദ്ദേഹത്തെ നമസ്ക്കരിച്ച്യഥോചിതമുള്ള ശുശ്രൂഷ ചെയ്തു തന്റെ അഭിപ്രായത്തെ അദ്ദേഹത്തെ ബോധിപ്പിക്കണം.

(7) ''ദ്വാദശവർഷസേവാപുരസ്തരം സർവ വിദ്യാഭ്യാസം
കൃത്വാതദനുജ്ഞയാസ്വകുലാനുരൂപാമഭിമതകന്യാം
വിവാഹ്യപഞ്ചവിംശതിവത്സരംഗുരുകുലവാസംകൃത്വാ—
ഥഗുർവനുജ്ഞയാഗൃഹസ്ഥോചിതകർമ്മകുർവൻദ്വർ
ബ്രാഹ്മണ്യനിവർത്തിമേത്യസ്വവംശവൃദ്ധികാമഃ
പുത്രമേകമാസാദ്യഗാർഹസ്ഥോചിതപഞ്ചവിംശതി
വത്സരാനീത്വാ''

പന്ത്രണ്ടു വർഷം ഗുരുസേവയോടുകൂടി സകല വിദ്യാഭ്യാസവും ചെയ്തു ഗുരുവിന്റെ ആജ്ഞയാൽ തന്റെ കുലത്തിനു യോഗ്യമായതും തനിക്കു അനുരൂപയുമായ ഒരു കന്യകയെ വിവാഹം ചെയ്തശേഷം ഇരുപത്തിഅഞ്ചു വർഷം ഗൃഹസ്ഥനു യോഗ്യമായ കർമ്മത്തെ ചെയ്തു യജ്ഞാദികളാൽ ശ്രേഷ്ടമായ ബ്രാഹ്മണത്വം സ്വീകരിച്ച് തന്റെ വംശവൃദ്ധിയുണ്ടാകണമെന്ന് ആഗ്രഹമുള്ളവൻ ഒരു പുത്രസന്താനത്തോടുകൂടി ഗൃഹസ്ഥാശ്രമവൃത്തിക്കു യോഗ്യമായ 25 വർഷങ്ങളെ കഴിച്ചശേഷം

(8) ''തീർത്ഥാത്പഞ്ചവിംശതിവത്സരപര്യന്തംത്രിഷവണ
മുദകസ്പർശനപൂർവകംചതുർവിധകാലമേകവാരമാഹാര
മാഹരന്നയമേക ഏവവനസ്ഥോ ഭൂത്വാപുരഗ്രാമപ്രാന്തന്ന
സംചാരംവിഹായനികിരപിരഹിത തദാശ്രീതകർമ്മോചിത
കൃത്യംനിർവർത്യ''

ഇരുപത്തിഅഞ്ചു വർഷം മൂന്നു കാലം സ്നാനം ചെയ്തു ഒരു സമയം നാലാമതു യാമത്തിൽ ആഹാരം ചെയ്തു തനിയെ വനത്തിലിരുന്നും മുൻപോലെയുള്ള പട്ടണം ഗ്രാമം മുതലായ സഞ്ചാരം വിട്ട് ബഹുമാനത്തിൽ താത്പര്യമില്ലാത്തവനായി വാ

[ശേഷം 30—ാം പേജിൽ]

മരണചിന്ത

(ഉപദേശകഥ) [സ്വാമി വിദ്യാനന്ദതീർത്ഥപാദർ]

(സ്വാമികളുടെ പ്രഭാഷണം സംഗ്രഹിച്ചെഴുതിയതു്)

മരണഭയമില്ലാത്തതുകൊണ്ടാണു് മനുഷ്യൻ പാപം ചെയ്യുന്നതു്. ജനിച്ചാൽ മരണം തീർച്ചയാണു്. സത്യമറിയാതെ മരിച്ചാൽ ജനനവും തീർച്ചയാണു്. മനുഷ്യൻ ജനനമരണ സ്വഭാവത്തോടുകൂടി സാംസാരിക ജീവിത ചക്രത്തിൽ കിടന്നുഴലുകയും വീണ്ടും വീണ്ടും പാപകർമ്മങ്ങൾ ചെയ്തു സംസാരഭ്രമണപഥത്തിന്റെ ദൈർഘ്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ഏകനാഥനെന്ന മഹാത്മാവ് ഒരിക്കൽ ഒരു ഗൃഹസ്ഥ ശിഷ്യന്റെ ഗൃഹത്തിലെത്തി. ശിഷ്യൻ വിനയാദരസമന്വിതം ഗുരുപാദങ്ങൾ തൊട്ടുവണങ്ങി ഗുരുവിനെ സ്വീകരിച്ചു മാന്യസ്ഥാനത്തിരുത്തി. തുടർന്നുണ്ടായ സംഭാഷണത്തിനിടയിൽ ശിഷ്യൻ ചോദിച്ചു, ''പൂജ്യപാദരായ ഗുരുദേവാ! സംസാരികളായ ഞങ്ങളെപ്പോലുള്ള ഗൃഹസ്ഥർക്കു നിഷ്പാപമായ ജീവിതം നയിക്കുന്നതെങ്ങിനെയെന്നറിയുന്നില്ല. കളങ്കമറ്റതും പാപക്കറ പുരളാത്തതുമായ അങ്ങയുടെ ജീവിതം കണ്ടു ഞങ്ങൾ അൽഭുതപരവശരായിത്തീരുന്നു. പാപസ്പർശമില്ലാതെ അങ്ങയ്ക്കെങ്ങിനെ ലോകജീവിതം നയിക്കാൻ കഴിയുന്നുവെന്നു ദയവായി അരുളിത്തരുമോ? ശിഷ്യന്റെ ഈ ചോദ്യം കേട്ടു ഏകനാഥൻ ഒന്നു മന്ദഹസിച്ചു. ''ഏഴുനാളിനകം മൃത്യുവെ കാണേണ്ടിവരുന്ന നിനക്കീ ചോദ്യത്തിന്റെ ഉത്തരം ഇപ്പോളാവശ്യമില്ല'' എന്നു പറഞ്ഞശേഷം ഗുരു സ്ഥലംവിട്ടു.

ഏകനാഥൻ പോയിക്കഴിഞ്ഞയുടനെ തന്നെ ശിഷ്യൻ മക്കളെയെല്ലാം വരുത്തി തന്റെ ധനവും കടവും വിശദമായി പറഞ്ഞു ധരിപ്പിച്ചു. കൊടുക്കാനുണ്ടായിരുന്നതൊക്കെ കൊടുത്തു തീർക്കാനും കിട്ടാനുള്ളതൊക്കെ വാങ്ങാനും അയാൾ ഏർപ്പാടുചെയ്തു. വക്കീലിനെ വരുത്തി സ്വത്തുക്കൾ മക്കൾക്കു വീതിച്ചു മരണപത്രം തയ്യാറാക്കി, അനന്തരം അയാൾ ഈശ്വരസ്മരണയിൽ മുഴുകി.

ഏഴാംനാൾ രാവിലെ ശിഷ്യ

ഗൃഹത്തിൽ ഏകനാഥൻ വീണ്ടും ചെന്നു. യഥാവിധി ആ മഹാത്മാവിനെ ശിഷ്യൻ സ്വീകരിച്ചു. ''ഞാൻ തയ്യാറായിരിയ്ക്കയാണ്; കാലൻ വന്നു വിളിച്ചാലുടൻ പൊയ്ക്കളയാം'' എന്നു ശിഷ്യൻ പറഞ്ഞു. ഉടനെ ഏകനാഥൻ ചോദിച്ചു, ''ആകട്ടെ, ഈ ഏഴു നാളിനകം എത്ര പാപം ചെയ്തു നീ?'' ശിഷ്യൻ മറുപടി പറഞ്ഞു. ''അതെങ്ങിനെ ഗുരുദേവാ? മരണം സദാ മുന്നിൽ കണ്ടുകൊണ്ടു കഴിഞ്ഞ എനിക്കു പാപമെങ്ങിനെ ചെയ്യാൻ കഴിയും?''

''ഇപ്പോഴും നിനക്കു മനസ്സിലായോ ഞാൻ എങ്ങിനെയാണ് നിഷ്പാപമായി ലോകജീവിതം നയിക്കുന്നതെന്ന്? അന്ത്യകാല ഭാവനയനുസരിച്ചാണ് അടുത്ത ജൻമം രൂപം കൊള്ളുന്നത്. എപ്പോഴാണ് ഈ ഭൗതിക ദേഹം പൊഴിഞ്ഞുവീഴുന്നതെന്നെനിയ്ക്കറിയില്ല. ഏതു നിമിഷവും അതു സംഭവിച്ചേക്കാമെന്നു എനിക്കറിയാം. മരണമെന്ന സിംഹം ചാടിവീഴാൻ എന്റെ പിന്നിൽ നില്ക്കുന്നതു കാണുന്ന എനിക്കു പാപത്തെക്കുറിച്ചു ചിന്തിക്കാനേ കഴിയുന്നില്ല. നാളേയ്ക്കു ജീവിച്ചിരിയ്ക്കുമെന്നു ഉറപ്പില്ലാത്തവനു പാപചിന്തയു

(ശേഷം 32–ാം പേജിൽ)

[28–ാം പേജിന്റെ തുടർച്ച]

നപ്രസ്ഥാശ്രമത്തിന് യോജിച്ച കർമ്മങ്ങളെ നിർവഹിച്ചുകൊണ്ട്.

(9) ''ദൃഷ്ംശ്രവണവിഷയവൈതൃഷ്ണ്യമേത്യചതുരാദിംശത്
സംസ്കാരസമ്പന്നസർവതോവിരക്തചിത്തശുദ്ധി
മേത്യാശാസുയേർഷ്യാഹംകാമംദഗ്ധ്വാസാധനചതുഷ്ടയ
സംപന്നനന്യസ്തുമർഹതിത്യുപനിഷത്''

ഇതി ദ്വിതീയോപദേശഃ

കണ്ടതും കേട്ടതുമായ വിഷയങ്ങളിൽ നിരാശനായി നാല്പതു് സംസ്കാരങ്ങളോടുകൂടിയവനായി എല്ലാവയിലും വെറുപ്പോടുകൂടിയവനായി ചിത്തശുദ്ധിയോടുകൂടി ആശ, അസൂയ ഈർഷ്യ, അഹങ്കാരം ഇവകളെ നശിപ്പിച്ച് സാധനചതുഷ്ടയ സംപന്നനായവൻ സന്യാസാശ്രമത്തിന് യോഗ്യനായിത്തീരുന്നു എന്നുപനിഷത്.

രണ്ടാം അദ്ധ്യായം സമാപ്തം

ചക്രഷഡ്ക്കങ്ങൾ

[കൊന്നക്കോട് ററി. വിശ്വംഭരൻനായർ]

യുഗസഞ്ചയങ്ങളിലൂടെയുണർന്ന മനുഷ്യന്റെ വിജ്ഞാനമേഖലകൾക്കുമപ്പുറത്ത്, ഗോളാന്തരങ്ങളെ അമ്മാനമാടാൻ ശ്രമിക്കുന്ന ശാസ്ത്രകല്പനകൾക്കുമപ്പുറത്ത് കടന്നെത്തിയിരിക്കുന്ന, ഇന്നത്തെ ലോകത്ത് ഈശ്വരവാദികളും നിരീശ്വരവാദികളും അതിസൂക്ഷ്മമായ യാഥാർത്ഥ്യങ്ങളെ ഗ്രഹിക്കാതെ ഏറ്റുമുട്ടുകയാണ്. ഏതാനും ചില കാര്യങ്ങളെ മനുഷ്യന്റെ മുഗ്ദ്ധസങ്കല്പങ്ങളിൽ, കൂടിയിരിക്കുന്നതിനാൽ ആവക കാര്യങ്ങളെ അനുഭവവാക്യങ്ങളിൽകൂടി മാത്രമേ അതതിന്റെ യാഥാർത്ഥ്യങ്ങളെ അനുഭവിച്ചറിയുവാൻ സാധിക്കൂ എന്നുള്ളതാണ് സത്യം.

അചിന്ത്യവും അനിർവ്വാച്യവുമായ ഒരു ശക്തി ചൈതന്യം ഉണ്ടെന്നുള്ളതിന്റെ വെളിച്ചത്തിൽ, ഈ പംക്തിയിൽ ചക്രഷഡ്ക്കങ്ങളെപ്പറ്റി ഒരു ചെറിയ വിവരണം എഴുതുന്നതിൽ ബഹുമാന്യരും സഹൃദയരുമായ വായനക്കാർക്ക് പക്ഷാന്തരമുണ്ടെങ്കിൽ ക്ഷമിക്കണമെന്നൊരഭ്യർത്ഥന.

പഞ്ചമഹാഭൂതങ്ങളുടെ പ്രാഥമിക ഘടകങ്ങളും വ്യത്യസ്താനുപാതത്തിൽ കലർന്നുണ്ടായിട്ടുള്ള ശരീരത്തിൽ എന്തൊക്കെയൊ നിക്ഷിപ്തമാണ്. ആവക കാര്യങ്ങളെ പറ്റി വിവരിക്കുവാൻ ചെറുലേഖനങ്ങളും പര്യാപ്തമല്ല. ജീവൻ ഉൾക്കൊള്ളുന്ന ഈ ശരീരത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന വകളിൽ ഒട്ടും പിന്നോട്ടല്ലാത്തവകളാണ് ഷഡ്ചക്രങ്ങളും. അവകളിൽ ആദിചക്രമായ മൂലാധാരം ഗുദത്തിൽ നിന്ന് രണ്ടംഗുലം മുകളിലും മേഢ്രത്തിൽ നിന്ന് രണ്ടംഗുലം താഴത്തുമായി നാലംഗുലം വിസ്താരത്തിൽ സ്ഥിതിചെയ്യുന്നു. മൂലാധാരത്തിൽ വിവരിച്ചിരിക്കുന്ന നാലു ദലങ്ങളും അന്തഃകരണങ്ങളാകുന്നു. ഇതിന് മൂലമെന്നു പേരുണ്ടായതു് മറ്റാധാരങ്ങളുടെ ചുവടായതിനാലാണ്. ഇതിന്റെ നാലു ദലങ്ങളിൽ വ–ശ–ഷ-സ– എന്നീ അക്ഷരങ്ങളും സ്ഥിതിചെയ്യുന്നതായിട്ടാണ് കല്പന. ഈ സ്ഥാനത്ത് ദുരന്ധൻ എന്ന സിദ്ധനും, ഡാ

കിനി എന്ന ദേവതയും സ്ഥിതി ചെയ്യുന്നതായി പറയപ്പെടുന്നു.

''ഗുദാത്തുദ്വം ഗുലാദൂർദ്ധ്വം
മേഢ്രാത്തുദ്വം ഗുലാഭധഃ
പരിസ്ഫുര ദ്വാദിസാന്ത
ചതുവ്വർണ്ണം ചതുർദലം
കുലാഭിതം സുവർണ്ണാഭം
സ്വയം ഭൂ ലിംഗസംഗതം
ദുരണ്ഡോയത്ര സിദ്ധോസ്തി
ഡാകിനീയത്ര ദേവതം''

എന്ന് ശിവസംഹിതയിൽ നിന്ന് വ്യക്തമാകുന്നു. ദലങ്ങ ളും രക്തവർണ്ണങ്ങളാണ്. ഇതി ന് അഡോരമെന്നും പേരുണ്ട്. ഇതിന്റെ കർണ്ണികയിൽ ഒരു ത്രി കോണമുണ്ട്. ഇതു് പശ്ചിമ ഭാഗത്തേക്ക് തിരിഞ്ഞിരിക്കു ന്നു. ഇതിനെ കാമാ എന്നും യോനി എന്നും പറയും. ഇതു് ഇച്ഛാശക്തി, ജ്ഞാനശ ക്തി, ക്രിയാശക്തി എന്നീ ശക്തി ത്രയത്തോടു കൂടിയതാ ണ്. ഇതു് ഒരു ശരീരത്തിന്റെ മദ്ധ്യഭാഗത്തായി വരും. ഇവി ടെയാകുന്നു കുണ്ഡലിനീ ശ ക്തി എന്ന നാഡി സ്ഥിതി ചെയ്യുന്നതു്. ഇതു് സകല നാഡി കളേയും ചുറ്റിക്കൊണ്ട് മൂന്നര പ്രദക്ഷിണ വലയാകാരമായി തന്റെ വാലിനെ വായിൽ കട ത്തീട്ട് സുഷുമ്നാ ദ്വാരത്തിനു ള്ളിൽ മിന്നൽ പ്രകാശത്തോടെ കിടക്കുന്നു. മൂന്നരകോടി നാഡി കളാലാവരണം ചെയ്യപ്പെട്ട ശരീര ത്തിൽ പ്രാധാന്യമർഹിക്കുന്നവ പത്തു നാഡികളാണെന്നും പതി നാലു നാഡികളാണെന്നും പക്ഷാന്തരമുണ്ട്. പത്തോ പതിനാ ലോ ആയവകളിൽ പ്രാധാന്യമർ ഹിക്കുന്ന സുഷുമ്നാ മഹാനാ ഡി ദേഹികയംക്കാദിനാഡിയായി പൃഷ്ടം മുതൽ കണ്ഠം വരെ ഗമിച്ചിട്ട് കപാലത്തെ വഹിക്കു ന്ന അസ്ഥിദണ്ഡത്തെ യോഗ ശാസ്ത്രരീത്യാ മേരുദണ്ഡം എ ന്ന് പറയപ്പെടുന്നു. ഇതിന്റെ വാമഭാഗത്ത് ചന്ദ്രരൂപിണിയാ യി ശുക്ളവർണ്ണയായ ഇഡയും,

---

[30–ാം പേജിന്റെ തുടർച്ച]

ണ്ടാവില്ല. ഞാനും എന്നെപ്പോ ലുള്ളവരും ഈ ലോകം വിട്ടു എ പ്പോഴേ വേണമെങ്കിലും പോകാൻ തയ്യാറാണ്. അതുകൊണ്ട് അന്ത്യ കാലഭാവന ഭഗവദ്രൂപത്തെക്കുറി ച്ചായിരിക്കാൻ ഞങ്ങൾ അഭ്യസി ച്ചിരിക്കുന്നു'' ശിഷ്യൻ ഗുരു പാദങ്ങളിൽ വീണു നമസ്ക്കരിച്ചു.

കരളിൽ വിവേകം കൂടാതെക–
ണ്ടൊരുനിമിഷം, ബത, കളയരു
താരും
മരണം വരുമിനിയെന്നു
നിനച്ചിഹ
മരുവുക സതതം;
നാരായണജയ !

ദക്ഷഭാഗത്ത് അരുണവർണ്ണയായി സൂര്യരൂപിണിയായ പിംഗലയും വർത്തിക്കുന്നു. സ്ത്രീപുരുഷ രൂപങ്ങളെന്നു സാരം.

മൂലരന്ധ്രത്തിൽ നിന്ന് ബ്രഹ്മരന്ധ്രം വരെ പ്രവേശിച്ച സുഷുമ്ന അഗ്നിരൂപിണിയാണ്. ഈ മൂന്നു നാഡികളും മൂലാധാരത്തെ ആശ്രയിച്ചിരിക്കുന്നു. ഈ സുഷുമ്നയുടെ ഉള്ളിൽ ചിത്രാനാഡിയും അതിനുള്ളിൽ ബ്രഹ്മനാഡിയും വർത്തിക്കുന്നു. ഈ ബ്രഹ്മനാഡിയാകുന്നു കുണ്ഡലിനീശക്തി എന്നത്. ഇപ്രകാരമിരിക്കുന്ന സുഷുമ്നയുടെ ഗ്രന്ഥികളിലാണ് ഷഡ്ചക്രങ്ങൾ സ്ഥിതി ചെയ്യുന്നത്. ''സുഷുമ്നാഗ്രന്ഥി സംസ്ഥാനി ഷഡ്ചക്രാണി യഥാക്രമം'' എന്ന് യോഗ സംഗ്രഹം. കുണ്ഡലിനീശക്തിയിരിക്കുന്ന മഹത്തായ സ്ഥാനത്തിന് കാമരൂപം എന്നു പേരാകുന്നു. ഇങ്ങനെയുള്ള മൂലാധാര കർണ്ണികയിലാണ് സ്വയം ഭൂലിംഗം പശ്ചിമാഭിമുഖമായി സ്ഥിതി ചെയ്യുന്നത്. ഇവിടെ അഗ്നിക്ക് അൻപത്തെട്ട് കലകളുണ്ട്. ജീവൻ മൂലാധാരത്തിലെ അന്തഃകരണങ്ങളായ നാലിതളുകളുടെ മദ്ധ്യത്തിൽ സ്വയം പ്രകാശരൂപനായ് പ്രാണാപാനൻമാരോടൊരുമിച്ച് സൃഷ്ടിക്ക് സാകൂഷാത്കാരനായി, കുണ്ഡലിനീശക്തിയെ ഉണർത്തി മൂലാഗ്നിയോടൊരുമിച്ച് ചക്രഷഡ്ക്കങ്ങളും കടന്ന് സഹസ്രാരത്തിൽ ചേർന്ന് പരാപര ജ്യോതിസ്സായി സർവ്വവ്യാപിയായിസ്ഥിതി ചെയ്യുന്നു.

(2) സ്വാധിഷ്ഠാനം :— ഇതു ലിംഗത്തിന്റെ ചുവട്ടിലാകുന്നു. ''സ്വാധിഷ്ഠാനാം വയം ചക്രം ലിംഗമൂലേഷഡശ്രകം'' എന്ന് യോഗശിഖ. ഇതു മൂലാധാരത്തിൽ നിന്ന് രണ്ടംഗുലം മുകളിൽ രത്നപ്രകാശത്തോടുകൂടിയിരിക്കുന്നു ഇതിന്റെ കർണ്ണികയിൽ ചതുരശ്രമുണ്ടെന്നു പറയുന്നുവെങ്കിലും മറ്റുള്ളശാസ്ത്രങ്ങൾക്ക് വിരോധമാണ്. ഇതിന്റെ ആറു ദലങ്ങൾ ബ-ഭ-മ-യ-ര-ല, എന്നീ അക്ഷരങ്ങളാണ്. ഇതു അഗ്നി തത്വത്തോടുകൂടിയതാകുന്നു. ഇവിടെ കുണ്ഡലിനി അധിഷ്ഠാനമാക്കി ഗ്രന്ഥിയെ ചെയ്തുകിടക്കുന്നതു കാരണം സ്വാധിഷ്ഠാനമെന്ന് പേരുണ്ടായി. യജുർവേദത്തിൽ സ്വാധിഷ്ഠാനത്തിലെ അഗ്നിയെ ജ്വലിപ്പിക്കുമ്പോൾ കുണ്ഡലിനീശക്തി യുണർന്ന് ഗ്രന്ഥിത്രയങ്ങളെ കടന്ന് ദ്വാദശാന്തത്തിലിരിക്കുന്ന ബ്രഹ്മഭാവത്തോടു മോദിക്കുന്നു എന്ന് വിവരിക്കുന്നു. അഗ്നിയുടെ സ്ഥാനം ഈ ചക്രത്തിന്റെ മുകളിലാണ്. ഈ ചക്രത്തിന് അഗ്

നികലകം അൻപത്തിരണ്ടുണ്ട്.

(3) മണിപൂരം :— ഇതു് സ്വാധിഷ്ഠാനത്തിൽ നിന്നു് പത്തര അംഗുലം മുകളിൽ കിടക്കുന്നു. ഇതു് രത്നപ്രഭമാണെന്നു് പക്ഷാന്തരം, നാഭീസ്ഥാനത്തിങ്കലാണു് ഇതിന്റെ സ്ഥിതി. ഇതിന്റെ ദലങ്ങളം ഡ—ഢ—ണ—ത—ഥ—ദ—ധ—ന—പ—ഫ, എന്നീ പത്തക്ഷരങ്ങളാകുന്നു. ''സുഷുമ്നായാന്തതോപ്യൂർദ്ധ്വ മർദ്ധോത്തരദശാംഗുലം ചക്രം ദശദലം തത്രമണിപൂരം രവിപ്രഭം'' എന്നു് യോഗസംഗ്രഹത്തിൽ വിവരിച്ചിരിക്കുന്നു. കുണ്ഡലിനീശക്തി ചന്ദ്രാമൃതത്തെ ദ്രവിപ്പിക്കുമ്പോഴം അവ ബിന്ദുക്കളായിട്ടു് രത്നങ്ങളെ പോലെ പ്രകാശത്തോടുകൂടി ഈ ആധാരത്തിൽ നിറയുന്നതിനാൽ ഇതിനു് മണിപൂരമെന്നു് പേരുണ്ടായതായി പറയപ്പെടുന്നു. ഇവിടെ ചന്ദ്രാമൃതമെന്നതു് ജീവികം അന്നപാനങ്ങളെ കഴിക്കുമ്പോഴം ശംഖിനീനാഡിയിൽ കൂടി മേല്പോട്ടേക്ക് ഊഷ്മാവു് പൊങ്ങീട്ടു് മൂർദ്ധാവിൽ വിയർപ്പുതുള്ളികളുണ്ടാകുന്നതാണു് ചന്ദ്രാമൃതം. ഇതിൽ അറുപത്തിരണ്ടു് സൂര്യകലകളുണ്ടു്. മണിപൂരം മുതൽ സഹസ്രാരപര്യന്തമുള്ള ധാരണാഭേദങ്ങൾക്കു് സ്മൃതി, ബുദ്ധി, പ്രജ്ഞാ, മേധാ, സവിദ്രുപാ എന്നു് പേരുകളാകുന്നു. മണിപൂരത്തിലെ ദലങ്ങളം ആധാരത്തിലെ നാലും സ്വാധിഷ്ഠാനത്തിലെ ആറും കൂടി പത്തു് എന്നു സൂചിപ്പിക്കുന്ന ദശസംഖ്യങ്ങളെന്നു് പറയപ്പെടുന്നു.

(4) അനാഹതം :— മണിപൂരത്തിൽ നിന്നു് പതിനാലംഗുലം മുകളിൽ സ്ഥിതി ചെയ്യുന്നു. ഇതിനു് ഹൃദയപങ്കജം എന്നു പേരുണ്ടു്. ഇതു് മിന്നൽപിണറിന്റെ ശോഭയോടിരിക്കുന്നു. ഇതിനു് പന്ത്രണ്ടു് ദലങ്ങളുണ്ടു്. ഈ സ്ഥാനത്തിങ്കൽ ശബ്ദബ്രഹ്മം തടവുകൂടാതെ കാണപ്പെടുന്നതിനാൽ അനാഹതമെന്നു് പേരുണ്ടായി.

ശബ്ദബ്രഹ്മമയശബ്ദോ
നാഹതസ്തത്രദൃശ്യതേ
അനാഹതാഖ്യം തൽപദ്മം
യോഗിഭിഃപരികീർത്തിതം

എന്നു് കൗലാഗമം. യോഗശിഖോപനിഷത്തിൽ ഇതിനു് പൂർണ്ണഗിരി എന്നും പറയുന്നു.

''തദേതൽ പൂർണ്ണഗിര്യാഖ്യാം
പീഠം കമലസംഭവഃ

എന്നു് വിവരിച്ചിരിക്കുന്നു. യാമളം, ശിവസംഹിത, കളും ഇതിനോടു് യോജിച്ചിരിക്കുന്നു. ഇതിന്റെ ദലങ്ങളം, ക—ഖ—ഗ—ഘ—ങ—ച—ഛ—ജ—ത്സ—ഞ—ട—ഠ, എന്നീ പന്ത്രണ്ടക്ഷരങ്ങളാണു്. ഇതിന്റെ കർണ്ണികയിലിരിക്കുന്ന തേജസ്സിനു് ബാണലിംഗമെന്നു് പറയപ്പെടുന്നു.

ഹൃദയേ ദ്വാദശദലൈരനാഹത
സരോരുഹം, കാദി-
ഠാന്തദലംദേവീതപ്തഹാടക
സന്നിഭം, തൻമദ്ധ്യേ
ബാണലിംകന്തു സൂര്യായുത
സമപ്രഭം -- എന്ന്.

യാമളം :- ഇതു് അഗ്നിവ
ർണ്ണമാകുന്നു. ശോണ വർണ്ണമെ
ന്നും, സ്വർണ്ണവർണ്ണമെന്നും പ
ക്ഷാന്തരമുണ്ട്. ഇതിൽ അൻ
പത്തിനാല് സൂര്യകലകളുണ്ട്.
ഇതിന്റെ മുകളിലാകുന്നു സൂ
ര്യന്റെ സ്ഥാനം. ഇതിന് വി
ഷ്ണുഗ്രന്ഥി എന്നും പേരു
ണ്ട്. ഇതു് വായുതത്വത്തോടുകൂ
ടിയതാകുന്നു.

(5) വിശുദ്ധം :- കണ്ഠ
സ്ഥാനത്തിങ്കൽ ധൂമ്രവർണ്ണമാ
യി വിശുദ്ധപദ്മം അകാരാദി
സ്വരങ്ങളായ ഷോഡശദലങ്ങളോ
ടുകൂടിയിരിക്കുന്നു. അവിടെ
ജലസ്ഥരമെന്ന പീഠമിരിക്കു
ന്നു.

കണ്ഠകൂടേവിശുദ്ധ്യാഖ്യം
യച്ചക്രംഷോഡശാശ്രകം
പീഠം ജലാന്തം താമനിഷ്ണ്യ
ത്രസുരേശ്വര

എന്ന് യോഗശിഖ ഇത് അനാ
ഹതത്തിൽ നിന്നും ആറംഗുല,
മുകളിലാകുന്നു. ശുദ്ധ സ്പ
ടിക വർണ്ണമെന്ന് പറയപ്പെടു
ന്നുവെങ്കിലും, സ്വർണ്ണവർണ്ണമെ
ന്നും, ധൂമ്രവർണ്ണമെന്നും മതാന്ത
രമുണ്ട്. ഇതിന്റെ ദലങ്ങളും അ
കാരാദി സ്വരങ്ങളാണ്. ഈ ച
ക്രത്തിൽവച്ച് മാംസത്തെ കാണു
ക ഹേതുവായിട്ട് ജീവന് വിശു
ദ്ധിയുണ്ടാകുന്നു. അതിനാൽ
വിശുദ്ധമെന്ന് പേരുണ്ടായി.

വിശുദ്ധിസ്തന്യതേയസ്മാ
ജ്ജീവസ്യഹംസലോകനാൽ
വിശുദ്ധമിതമാഖ്യാതമാകാ
ശാഖ്യം മഹാത്ഭുതം

എന്ന് യോഗദീപം. ഇതു് ആകാ
ശ തത്വത്തോടുകൂടിയതാണ്. ഇ
വിടെ ചന്ദ്രകലകളും എഴുപത്തി
രണ്ടാകുന്നു. ഈ ചക്രത്തിൽ അ
നാഹതപ്രകൃതിയായ ദ്വാദശദല
വും തന്റെ താഴത്തുള്ള നാലാധാ
രങ്ങളെ സൂചിപ്പിക്കുന്ന നാലു
ദലങ്ങളും ചേർന്നു പതിനാറു
ദലങ്ങളോടു ഭവിക്കുന്നു.

(6) ആജ്ഞാ :- ഇതു്
രണ്ടു പുരികങ്ങളുടേയും മദ്ധ്യ
ത്തിൽ സ്ഥിതി ചെയ്യുന്നു.. ഇ
തു് വിശുദ്ധി ചക്രത്തിൽ നി
ന്ന് ഒൻപതംഗുലം മുകളിലാ
ണ്. ഇതു് മഹാനീലനിറമാകു
ന്നു. ഇതിന്റെ മുകളിലായി ഉ
ഡ്യാണബന്ധം സ്ഥിതി ചെ
യ്യുന്നു.

(യോഗികളും സിദ്ധാസന
ത്തിൽ നിന്ന് വശമാക്കുന്നതും
ആക്കേണ്ടതുമായ ബന്ധത്രയങ്ങ
ളും)

ആജ്ഞാനാമഭ്രവോർമദ്ധ്യേ
ദ്വിദലം ചക്രമുത്തമം

ഉഡ്ഡ്യാണാഖ്യം മഹാപീഠം
മുപരിഷ്ഠാൻ പ്രതിഷ്ടിതം

എന്ന് യോഗശിഖയിൽ വിവരിക്കുന്നു. ആജ്ഞയുടെ കർണ്ണികാമദ്ധ്യത്തിലിരിക്കുന്ന തേജസ്സിനു തുരീയലിംഗമെന്നു പേരു പറയപ്പെടുന്നു.

''ആജ്ഞാനാമദ്രുവോർമദ്ധ്യേ
ചക്രഞ്ചദ്വിദലംപരം
ഹക്ഷദ്യാക്ഷരസംയുക്തം
നിർമ്മലം സുമനോഹരം
തുരീയാഖ്യം മഹാലിംഗം
തൻമദ്ധ്യേ കാഞ്ചനപ്രഭം
ആജ്ഞാസംക്രമണം തത്ര
ഗുരോരാജ്ഞേതികീർത്തിതം'

എന്ന് യോഗകുണ്ഡല്യുപനിഷത്തിൽ വിവരിച്ചിരിക്കുന്നു. ഇതു് കാഞ്ചന വർണ്ണമെന്ന്.പക്ഷാന്തരം. ശിവസംഹിതയിൽ ശുക്ളവർണ്ണമെന്നും വിവരിച്ചുകാണുന്നു. ഈ ചക്രത്തിൽ വച്ച് ഗുരുവിന്റെ ആജ്ഞയുണ്ടാകുന്നതിനാൽ (ജ്ഞാനം ഘനീഭവിക്കുന്നതിനാൽ) ആജ്ഞാചക്രമെന്നു പേരുണ്ടായി. ഇതിനു ഹ—ക്ഷ, എന്ന രണ്ടക്ഷരങ്ങാം ദലങ്ങളാണ്. യോഗകുണ്ഡലിയിൽ ഇതിനു മുകളിൽ ആറാധാരങ്ങളെ സൂചിപ്പിക്കുന്നു. കൈലാസം, ബോധിനീകുലം, ബിന്ദു, നാദം, ശക്തിസഹസ്രാരം,

''കൈലാസാഖ്യം തദുർദ്ധേതു
ബോധിനീചതദൂർദ്ധ്വതഃ
പീഠത്രയം തതശ്ചോർദ്ധ്വം
നിരുക്തം യോഗചിന്തകൈഃ
തൽ ബിന്ദുനാദ ശക്ത്യാഖ്യം
ഫാലപത്മേവ്യവസ്ഥിതം''

ഇവയിൽ സഹസ്രാരമൊഴിച്ച് കൈലാസാദികളും അഞ്ചും നെറ്റിയിലാകുന്നു. ഈ ചക്രത്തിൽ ചന്ദ്രകലകളും അറുപത്തിനാലുണ്ട്. ഇങ്ങനെ മുന്നൂറ്റി അറുപതു് സംവത്സരാത്മകങ്ങളായ കലകളും ഭവിക്കുന്നു. ചന്ദ്രന്റെ സ്ഥാനം ഈ ചക്രത്തിനു മുകളിലാകുന്നു. അതിനെ ബ്രഹ്മഗ്രന്ഥി എന്നു പറയപ്പെടുന്നു. ബ്രഹ്മരന്ധ്രത്തിലിരിക്കുന്ന സഹസ്രാരത്തിലെ യോനിയിൽ സ്ഥിതി ചെയ്തു് ചന്ദ്രൻ ഇഡാനാഡിയിൽ കൂടി അമൃതത്തെ ഒഴുക്കുകയും, മൂലാധാരത്തിലെ യോനിയിൽ സ്ഥിതി ചെയ്യുന്ന സൂര്യൻ അവിടെ നിന്ന് പിംഗലയിൽ കൂടി വിഷത്തെ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ബിന്ദുനാദ കലകളിൽ നിന്ന് ഉപരിസ്ഥമായ തേജസ്സിനെ ധ്യാനിച്ചറിയുവാൻ ഈ വിധത്തിൽ കല്പിക്കപ്പെട്ടിട്ടുള്ള ഷഡ്ചക്രങ്ങളേയും അവയുടെ സ്ഥാനങ്ങളേയും അവയിൽ അടങ്ങിയിരിക്കുന്ന തത്വങ്ങളേയും പൂർണ്ണമായി ഗ്രഹിക്കുന്നവർ

(ശേഷം 39—ാ പേജിൽ)

ഋഷിമാർ കല്പിച്ചത്

[പൈങ്കുളം പി. ആർ. സനാതനൻനായർ]

ആചാരം ധർമ്മങ്ങളിൽ മുഖ്യമാകുന്നു. ആചാരത്തിൽ നിന്നും ആയുസ്സ്, പ്രിയസന്തതി, അക്ഷയ ധനം എന്നിവ ലഭിക്കുന്നു. സത്കുലത്തിലെ ജനനം അറിയിക്കുന്ന ഉപാധിയാണ് ആചാരം. പ്രാണനും ഉപരിയായി ആചാരം സംരക്ഷിക്കണം.

ദുരാചാരിയെ ലോകം നിന്ദിക്കുന്നു. അവൻ ദുഃഖിയും വ്യാധിതനും ആയിതീരുന്നു ദുരാചാരത്തിന്റെ ഫലം അല്പായുസ്സാണ്. പൊതു ആചാരത്തിന് ഉപരിയായി ദേശാചാരം, മതാചാരം, കുലാചാരം എന്നിവയും ഉണ്ട്.

ദൈനംദിന ജീവിതം തന്നെ ആചാരത്തെ ആശ്രയിച്ചിരിക്കുന്നു. ഉദയത്തിനു മുമ്പു ബ്രഹ്മ മുഹൂർത്തത്തിൽ ദേവന്മാരും പിതൃക്കളും നമ്മെ അനുഗ്രഹിക്കാൻ എത്തുന്നു. ആ സമയം ഉണർന്നിരിക്കുന്നത് അവരെ മാനിക്കാൻ വേണ്ടിയാണ്. ഉണർന്ന് ഗുരു, കുലദൈവം, അച്ഛൻ, അമ്മ, വിഷ്ണു, ശിവൻ, നവഗ്രഹങ്ങൾ, നളൻ, ധർമ്മപുത്രർ, സീതാ, കൃഷ്ണൻ, കാർക്കോടകൻ, ദമയന്തി, ഋതുപർണ്ണ രാജാവ് എന്നിവരെ സ്മരിച്ചാൽ കലിദോഷം തീരും.

അതിനു ശേഷം കഴിഞ്ഞ ദിവസം എന്ത് ധർമ്മം ചെയ്തു, അന്യർക്ക് എന്തു കൊടുത്തു, ആരെയെങ്കിലും ധർമ്മ മാർഗ്ഗത്തിൽ പ്രേരിപ്പിച്ചോ എന്ന് ആത്മശോധന ചെയ്യണം. അന്ന് ചെയ്യാനുദ്ദേശിക്കുന്ന ധർമ്മം, അർത്ഥസമ്പാദനം, സുഖാനുഭവം എന്നിവയെക്കുറിച്ചു ചിന്തിക്കയും വേണം.

സന്ധ്യാസമയങ്ങളിൽ ഭക്ഷണം, ശയനം, സ്ത്രീസംഗം എന്നിവ വർജ്ജ്യങ്ങളാണ്.

പശു, ദീപം, ജലം, കണ്ണാടി. വേദജ്ഞൻ, തങ്കം, ചന്ദനം, രത്നം, പഞ്ചഗല്യം, ഗോരോചന, തിന, വെൺകടുക്, തേൻ എന്നിവ കണികാണാൻ ശുഭങ്ങൾ. പാപി, നിർഭാഗ്യവാൻ, വസ്ത്രവിഹീനൻ, മൂക്കറയൻ എന്നിവർ കണി കാണാൻ അശുഭവും. തത്ത, കിളി ഇവ വീട്ടിൽ വളർത്തിയാൽ ഭൂതബാധ ഉണ്ടാകയില്ല. [തുടരും]

കേരള സ്രഷ്ടാവ്

[ആർ. എസ്. ആശാരി, ബി. എ. ബി. റ്റി.]

ആര്യൻമാരുടെ ദേവത വിഷ്ണുവും ദ്രാവിഡരുടെ ദേവത ശിവനും ആയിരുന്നുവോ? ആര്യ ദ്രാവിഡ സംഘട്ടനം ചരിത്രാതീതകാലത്തുതന്നെ ആര്യാവർത്തത്തിൽ തുടർന്നു നടന്നിരിക്കണം. ക്രമേണ ഇരു വർഗ്ഗക്കാരും തമ്മിൽ ഒരു അനുരഞ്ജനം നടന്നിരിക്കാം. ആര്യൻമാരുടെ ആദ്യകാല സാഹിത്യം പരിശോധിച്ചാൽ ഇക്കാര്യം വെളിപ്പെടും. 'ശ്രീമഹാദേവന്റെ ബീജേന ജാതനാം ശ്രീഹനുമാൻ' വിഷ്ണുഭക്തൻമാരിൽ അഗ്രേസരനായതും, മഹാവിഷ്ണുവിന്റെ അവതാരമായ പരശുരാമൻ ശിവന്റെ ശിഷ്യനായിത്തീർന്നതും ഈ അനുരഞ്ജനത്തിന്റെ ഫലമായിട്ടാണ്. പരശുരാമൻ തന്നെ ആരാണ്? ജമദഗ്നിയെന്ന ബ്രാഹ്മണന്റെയും രേണുകയെന്ന ക്ഷത്രിയ സ്ത്രീയുടേയും പുത്രൻ!

ആദിദ്രാവിഡരിൽ ഒരു വിഭാഗം കിഴക്കോട്ടും മറ്റൊരു വിഭാഗം തെക്കോട്ടും കടന്നു. വംഗദേശത്തിലെ കാളീക്ഷേത്രങ്ങളും ദക്ഷിണേൻഡ്യയിലെ അമ്മൻ കോവിലുകളും ഒരേ ആചാര വിശ്വാസങ്ങളെ തെളിയിക്കുന്നു. 'കാളിഘട്ട്' മാണ് കൽക്കട്ടയായതു്. ശ്രീരാമകൃഷ്ണപരമഹംസർ കാളിയുടെ ഉപാസകനായിരുന്നു.

കേരളത്തിലെ പ്രാചീന നാഗൻമാരുടെ 'നീറണി നെറി' അവരുടെ ശിവഭക്തിക്കു ലക്ഷ്യമാണല്ലോ. ശിവന്റെ പുത്രിയായ ഭദ്രകാളിയുടെയും ശിവപാർഷദൻമാരായ നന്ദികേശ്വരൻ, മഹാകാളൻ മുതലായവരുടെയും ശിവന്റെ ആഭരണമായ സർപ്പത്തിന്റെയും വേടനാരീകിരാതൻമാരുടെ പുത്രനായ വേട്ടയ്ക്കൊരു മകന്റെയും കളം എഴുതുന്നതു് ദ്രാവിഡരുടെ ചിത്രകലാ വൈദഗ്ദ്ധ്യത്തിനു നിദർശനമായി ഇന്നും നിലകൊള്ളുന്നു. വെട്ടേക്കരൻ, അയ്യപ്പൻ എന്നീ ദേവൻമാരെയും സർപ്പങ്ങളെയും മാത്രമല്ല, പൂർവ്വികൻമാരെയും കഴിഞ്ഞുപോയ വീരനായകൻമാരെയും കേരളീയർ ആരാധിച്ചിരുന്നു.

ഒരു വശത്ത് മറുകര കാണാ

ൻ പാടില്ലാത്ത ഗംഭീര സാഗരം; മറുവശത്ത് നാകലോകത്തോട് ഉരുമ്മിനില്ക്കുന്ന പശ്ചിമഘട്ടം! കേരളത്തിലെ നിമ്നോന്നതമായ ഈ പ്രകൃതി ഭീകരത നാട്ടുകാരുടെ ആരാധനാ രീതിക്കും മതപരമായ കലകൾക്കും ഒരു അമാനുഷമായ പശ്ചാത്തലം നൽകി. ഇന്നത്തെ നായൻമാരുടെയും തീയ്യൻമാരുടെയും പൂർവ്വികൻമാരായ ആദിമനിവാസികളും കർഷകരായിരുന്നതു കൂടാതെ ആയുധ നിർമ്മിതിയിലും തടി, ലോഹങ്ങളും എന്നിവ കൊണ്ട് ഗാർഹികോപകരണങ്ങളും ഉണ്ടാക്കുന്നതിലും സിദ്ധഹസ്തരും ആയിരുന്നു.

ക്രമേണ വടക്കു നിന്ന് ആര്യൻമാർ ഇവിടെ വന്നു ചേർന്നു. അവരിൽ നിന്ന് ജ്യോതിശ്ശാസ്ത്രം, ആയുർവ്വേദം, അദ്വൈത സിദ്ധാന്തം എന്നിവ കേരളീയർ സ്വായത്തമാക്കി. എന്നാൽ ഇവിടത്തെ സാഹിത്യാദി കലകൾക്ക് ഒരു പരിവർത്തനം വരുത്തിയതു് രാമായണം, മഹാഭാരതം എന്നീ ഇതിഹാസ കഥകളായിരുന്നിരിക്കണം. വെളുത്ത നിറം, അസാമാന്യമായ മേധാശക്തി, ആകർഷകമായ പെരുമാറ്റം എന്നിവ കൊണ്ട് ആര്യൻമാർക്ക് ദാക്ഷിണാത്യരെ വശീകരിക്കാൻ കഴിഞ്ഞു. ദ്രാവിഡ ദേവതകളെയും ഉൾക്കൊണ്ട് അവർക്ക് പൗരാണിക പദവി നൽകുന്നതിനുള്ള സൗമനസ്യവും ആര്യൻമാരുടെ മത വിശ്വാസത്തിന് ഉണ്ടായിരുന്നു.

ദ്രാവിഡനായ ഹനുമാനെ ''രാമായണ മഹാമാലാരത്ന' മായും രാക്ഷസാധിപനായ രാവണനെ രാജസപ്രൗഢിയുടെ മൂർത്തിമദ്ഭാവമായും സാമവേദജ്ഞനായും പ്രകീർത്തിച്ചിട്ടുള്ളതു് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ക്ഷത്രിയനായ ഭീമസേനൻ ദ്രാവിഡനായ ഹനുമാനോടും സവ്യസാചിയായ അർജ്ജുനൻ ദാക്ഷിണേന്ത്യക്കാരിയായ അല്ലി (ചിത്രാംഗദ) യോടും പരാജയം സമ്മതിച്ച കഥകളും ഏതു വസ്തുതയെ

[36–ാം പേജിന്റെ തുടർച്ച]

ക്ക് പ്രയോജനപ്പെടുന്ന പ്രാണായാമത്തിൽ കൂടി ഇന്ദ്രിയങ്ങളെ വിഷയത്തിൽ വ്യാപരിപ്പിക്കാതെ ധ്യാനവിസ്മൃതരാകുവാൻ സാധിക്കുന്നതുമാണ്. ധ്യാനത്തിന്റെ സ്മൃതി വിടുമ്പോൾ സമാധിയായി. ''ധ്യാനവിസ്മൃതി: സമാധി: '' ഇതുതന്നെ തികഞ്ഞ അതിബോധാവസ്ഥ. ഈ പ്രാണലയത്തിനു വേണ്ടിയുള്ള പ്രാണന്റെ ഗതിവിഗതികളെ ചക്രഷഡ്ക്കങ്ങളിൽ കൂടിയേ അറിയാൻ സാധിക്കൂ.

യാണു സൂചിപ്പിക്കുന്നത്?

സാമുദായിക ഭേദഗതികൾ വന്നുചേർന്നപ്പോൾ ആര്യവംശജനായ ആഢ്യൻ നമ്പൂതിരി അനവധി ആനുകൂല്യങ്ങൾ നേടി ഉന്നത പദവിയിലെത്തുകയും അടുത്ത സ്ഥാനം ദ്രാവിഡ വംശജനായ നായർക്കു ലഭിക്കുകയും ചെയ്തു. തൊഴിലനുസരിച്ചുള്ള ജാതിവിഭജനവും നിലനിന്നു. ജാതിചിന്ത വളരെ കൂടുതലായിരുന്നെങ്കിലും നമ്പൂരിയും നായരും അങ്ങേയറ്റം പരസ്പരം സഹകരിച്ചിരുന്നു. തത്ഫലമായി ഒരു പുതിയ സംസ്ക്കാരം ഉടലെടുത്തു. ജീവിതരീതി, വേഷം ഭാഷ എന്നിവയിലും സംഗീതം, സാഹിത്യം, ചിത്രരചന എന്നിവയിലും കേരളത്തിനുണ്ടായ പ്രത്യേകത ഈ സങ്കര സംസ്ക്കാരത്തിന്റെ ഫലമാണ്. അഥവാ ഈ സംസ്ക്കാര സാങ്കര്യം തന്നെയാണ് ഇന്നത്തെ സാകൂഷ്ൽ കേരളീയത്വം. ദ്രാവിഡ മുന്നേറ്റക്കുഴപ്പം എന്നൊരു കുഴപ്പം സൃഷ്ടിച്ചവരെ വിട്ടുകളയാം. രാവണപക്ഷവും രാവണായണവും രചിച്ചവർ സങ്കരസന്താനങ്ങളാണല്ലോ. അവർക്ക് ജനാർദ്ദനൻ, രാമൻ എന്നിങ്ങനെ പേരുകൾ നൽകിയ തന്തമാർക്ക് തിരിച്ചറിവില്ലെന്നും സമ്മതിച്ചേക്കാം.

പ്രാചീനകലകളിലൊന്നായ തിറയാട്ടം തികച്ചും ദ്രാവിഡമാണ്. ക്രിസ്തുവർഷാരംഭത്തിനു മുമ്പു മുതൽ നിലനിൽക്കുന്ന കൂടിയാട്ടം ആര്യദ്രാവിഡ സങ്കലനത്തെ പ്രതിഫലിപ്പിക്കുന്നു. ജയദേവന്റെ ഗീതാഗോവിന്ദം പ്രചരിച്ചുതുടങ്ങിയപ്പോൾ അഷ്ടപദിയിൽ ക്ളാസിക്കൽ സംഗീതം പ്രയുക്തമായി. ഉച്ചപ്പൂജയ്ക്കു നടയടച്ചാൽ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലെ സോപാനത്തിൽ നിന്ന് കുറുപ്പൻമാർ 'പ്രളയപയോധിജലേ' എന്നു തുടങ്ങുന്ന ഗാനം പാടിയിരുന്നു. ഈ ക്ളാസ്സിക്കൽ സംഗീതം സോപാനരീതിയെന്ന് അറിയപ്പെട്ടു. ഇന്നത്തെ കഥകളി സംഗീതം ശാസ്ത്രീയമായ ഈ സോപാനരീതിയിലാണ്.

ഇങ്ങനെ ആര്യസംസ്ക്കാരം കേരളത്തിൽ പ്രചരിപ്പിച്ച ആദ്യത്തെ വ്യക്തിയുടെ പേരാണ്, 'പരശുരാമൻ'. ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള കാടുകൾ അദ്ദേഹം മഴുകൊണ്ടു വെട്ടിത്തെളിച്ചു — ആദിമനിവാസികളുടെ ഉള്ളിലെ കാടൻ വിശ്വാസങ്ങളും! ആ സമുദ്രതീര ജീവിതം പിൻവാങ്ങി. രാജാക്കൻമാരുടെ ഏകാധിപത്യം ഇരുപത്തിയൊന്നു പ്രാവശ്യമായി നശിപ്പിച്ച ആ തപോധനൻ ഇടവിട്ടിടവിട്ടുള്ള ഭരണം സ്വന്തം നാട്ടിൽ ഏർപ്പെടുത്തി. ഭരണീയമതം സ്വജീവിതമെന്നു സിദ്ധാന്തിച്ച

ശ്രീരാമന്റെയും കർഷകവൃത്തിയോടും രാജ്യഭരണത്തോടുമൊപ്പം ആർഷജീവിതത്തിലും വിജയിച്ച ജനകന്റെ പുത്രിയുടെയും മുമ്പിൽ മാത്രം അദ്ദേഹം തലകുനിച്ചു. കേരളത്തിന്റെ സംരക്ഷണത്തിനായി സമുദ്രതീരത്ത് ശക്തീഭഗവതിയെയും കിഴക്കൻ മലകളിൽ ഹരിഹരസുതനായ ശാസ്താവിനെയും പല സ്ഥാനങ്ങളിലായി അദ്ദേഹം പ്രതിഷ്ഠിച്ചു. വിഷ്ണുവിന്റെ അവതാരവും ശിവന്റെ ശിഷ്യനുമായ ആ ക്ഷത്രിയബ്രാഹ്മണൻ, മലനാട്ടിൽ ആര്യദ്രാവിഡസംഘട്ടനം ഉണ്ടാകാതിരിക്കാൻ എത്ര കരുതലോടെ പ്രവർത്തിച്ചു എന്നു നോക്കുക !

കഥകളിസംഗീതം പരശുരാമ പ്രണീതമായ സോപാനരീതിയിലാണെന്നെങ്കിലും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? അഭിനയത്തിനു വേണ്ടി രീതി മാറിയെന്നല്ലാതെ മാർഗ്ഗി, ദേശി, ഹിന്ദുസ്ഥാനി, കർണ്ണാടകം മുതലായ സംഗീത ശാഖകളിൽ നിന്ന് ഇതിന് അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ല.

വല്ലായ്മ ദേവകോപം വരുത്തിയാൽ പോലും സഹിക്കുന്നതല്ലായിരുന്നു പരശുരാമന്റെ ശരീരത്തിൽ പ്രവഹിച്ച ഭാരതപൂർവ്വരക്തം!

ക്ഷേത്രോൽസവങ്ങളോടനുബന്ധിച്ച് അധികപ്രസംഗം എന്ന കലാഭോസ് നടത്തുമ്പോഴെ ''അമ്മയുടെ ഭാര്യയെ ഞാൻ എന്താണു വിളിക്കേണ്ടതു്?'' എന്നു ശാസ്താവു ചോദിച്ചുവെന്നു പറഞ്ഞ്, സദസ്യരാരും ചിരിച്ചില്ലെങ്കിലും, താൻ പ്രയോഗിച്ച ഏറ്റവും പുതിയ ഫലിതത്തിൽ മതിമറന്ന് കാഥികൻ സ്വയം ചിരിക്കാറുണ്ടല്ലോ. പക്കമേളക്കാരും ചിരിക്കണമെന്ന് നേരത്തേ ഏർപ്പാടാണ്. നൂറാണ്ടുകൾക്കു മുമ്പ് മേല്പുത്തൂർ പ്രയോഗിച്ച ഒരു നേരമ്പോക്കാണിതു്.

''ഉമാമഹം മാതരമാഹ്വയാമി
പത്ന്യഃ പിതുർമാതുര ഏവ സർവ്വാഃ
കഥംനുലക്ഷ്മീമിതി ചിന്തയന്തം
ശാസ്താരമീഡേ സകലാർത്ഥസിദ്ധ്യൈ''

ബാണയുദ്ധ കഥാന്ത്യത്തിൽ പ്രത്യക്ഷപ്പെടുന്ന 'ശങ്കരനാരായണരൂപം' തെളിയിക്കുന്നതു്

''ശിവനും വിഷ്ണുവും
ബ്രഹ്മാവുമെന്നുള്ള
പ്രവിഭാഗജ്ഞാനമായാവിജൃംഭിതം;
അവികലാനന്ദനേകസ്വരൂപൻ ഞാൻ
സുവദനേ, കൃഷ്ണേ! ദേവനാരായണാ!''

എന്ന് ശ്രീകൃഷ്ണൻ പാഞ്ചാലിയോടു പറഞ്ഞ തത്വത്തിന്റെ ഒരംശം തന്നെയാണല്ലോ.

വിഷ്ണുവിന്റെയും ശിവന്റെയും പുത്രനും പരശുരാമനാൽ പ്രതിഷ്ഠിതനും ആയ സാക്ഷാൽ ശബരിമല ധർമ്മശാസ്താവ് നമ്മെ രക്ഷിക്കട്ടെ!

ശ്രീ അയ്യാവ് സ്വാമി തിരുവടികൾ

[കരകുളം എം. കൃഷ്ണൻപോറ്റി]

കേരളത്തിലെ ആദ്ധ്യാത്മികപുരുഷൻമാരായ ശ്രീചട്ടമ്പിസ്വാമി തിരുവടികളും, ശ്രീനാരായണഗുരുസ്വാമികളും, ശ്രീസ്വയംപ്രകാശയോഗിനിയമ്മ തുടങ്ങിയ മഹത്തുക്കളുടെ ആദ്ധ്യാത്മിക ഗുരുസ്ഥാനം വഹിച്ചിരുന്ന മഹാസിദ്ധനും ശിവരാജയോഗിയുമാണ് തൈയ്ക്കാട് ശ്രീ അയ്യാസ്വാമിതിരുവടികളും.

പണിക്കർ എന്ന സ്ഥാനബഹുമതിയോടുകൂടി ശ്രീമുത്തുക്കുമാരൻ എന്നൊരു മാന്യൻ മലബാറിൽ താമസിച്ചിരുന്നു. ടിപ്പുവിന്റെ പടയോട്ടക്കാലത്ത് മുത്തുക്കുമാരനും പിതാവും കൂടി മദ്രാസിലെ ചെങ്കൽപേട്ടയിൽ ചെന്നു താമസമാക്കി. സിലോണിൽ താമസിച്ചിരുന്ന അദ്ദേഹം തന്റെ അമ്മാവനേയും മറ്റു ബന്ധുക്കളേയും കാണാൻ യാപ്പാണത്തു പോയി മടങ്ങിവരവേ കപ്പൽ മാർഗ്ഗം കൊല്ലത്തു വന്നു ചേരുകയും, അവിടെ ശൈവ വെള്ളാള കുടുംബത്തിൽപ്പെട്ട രുഗ്മിണിയമ്മാൾ എന്ന സ്ത്രീയെ മുത്തുക്കുമാരൻ വിവാഹം കഴിക്കുകയും ചെയ്തു. ഗർഭവതിയായ രുഗ്മിണിയമ്മയെ കൂട്ടിക്കൊണ്ട് മുത്തുക്കുമാരൻ ചെന്നപട്ടണത്തിൽ പോയി താമസിക്കുകയും, അവിടെ വച്ച് അശ്വതിനക്ഷത്രത്തിൽ അദ്ദേഹത്തിന്റെ ഭാര്യ ഒരാൺകുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു. ഏകദേശം നൂറ്റിഅൻപതു വർഷം മുമ്പാണ് ഈ സംഭവം. മുത്തുക്കുമാരന്റെ ഗൃഹത്തിൽ സന്ദർശനം ചെയ്തു വന്നിരുന്ന രണ്ടു സന്യാസിമാർ ഈ ശിശു, ലോകം ബഹുമാനിക്കുന്ന ഒരു മഹാനായിതീരുമെന്നു പ്രവചിച്ചു.

മുത്തുക്കുമാരൻ തന്റെ കുലദേവതയായ സുബ്രഹ്മണ്യനെ പതിവായി ഭജിച്ചുവന്നിരുന്നു. രുഗ്മിണിയമ്മാളും ഭക്തിയും വിനയവും തികഞ്ഞ ഒരു സ്ത്രീരത്നമായിരുന്നു. കുഞ്ഞിന് ഒരു വയസ്സു പ്രായമായപ്പോഴേക്കും രുഗ്മിണിയമ്മാൾ കാലഗതിയെ പ്രാപിച്ചു. സുബ്ബരായൻ എന്നായിരുന്നു ആ ബാലനെ

നാമകരണം ചെയ്തത്. മുത്തുക്കുമാരന്റെ ഗൃഹത്തിൽ വന്നു കൊണ്ടിരുന്ന സിദ്ധൻമാർ ശ്രീ സച്ചിദാനന്ദരും, ശ്രീ ചട്ടിപരദേശിയുമായിരുന്നു. ഒരു ദിവസം സച്ചിദാനന്ദസ്വാമികളും സുബ്ബരായന്റെ പിതാവിനോട് ഇങ്ങിനെ ചോദിച്ചു:— ''നിങ്ങളും ഈ ബാലനെ ഞങ്ങളോടുകൂടി അയച്ചാൽ വേണ്ടതായ വിദ്യകളും അഭ്യസിപ്പിച്ചശേഷം മടക്കി കൊണ്ടുവിടാം'' — അതിന് സുബ്ബരായന്റെ പിതാവ് സമ്മതിച്ചപ്രകാരം ആ സന്യാസിമാർ സുബ്ബരായനെ കൂട്ടിക്കൊണ്ടുപോയി. ഒരു ചിത്രാപൗർണ്ണമി ദിവസം ബാലസുബ്രഹ്മണ്യമന്ത്രം ഉപദേശിക്കുകയും, ആ ബാലനെ ബർമ്മ, സിലോൺ, പെനാംഗ്, ആഫ്രിക്കാ മുതലായ രാജ്യങ്ങളിൽ കൂട്ടിക്കൊണ്ടുപോയി യോഗവിദ്യകളും മറ്റും അഭ്യസിപ്പിക്കുകയും ചെയ്തു.

ഏകദേശം പത്തൊൻപതു വയസ്സായപ്പോൾ സുബ്ബരായനെ സന്യാസിമാർ മടക്കി കൊണ്ടുവന്ന് പിതാവിന്റെ അടുക്കൽ ഏൽപിച്ചിട്ട് ഇപ്രകാരം പറഞ്ഞു— ''കുറച്ചുകാലം ബ്രഹ്മചാരിയായി കഴിഞ്ഞ് പിന്നീടു ഗൃഹസ്ഥാശ്രമം സ്വീകരിക്കും. അറുപതാമത്തെ വയസ്സിൽ ഈ ബാലൻ സൽഗതിയെ പ്രാപിക്കും'' യോഗപൂർത്തിക്കായി ശിവപൂജയും, അംബികയെ ഉപാസിക്കുകയും ചെയ്യണം'' എന്ന് അനുഗ്രഹിച്ചിട്ട് ആ സിദ്ധൻമാർ പോയി. മുത്തുക്കുമാരൻ പിന്നീട് കാശിയിൽ പോകയും ശിവപദം പ്രാപിക്കുകയും ചെയ്തു. സുബ്ബരായനായ അയ്യാസ്വാമികളും തമിഴിലും ഇംഗ്ലീഷിലും നല്ല പരിജ്ഞാനം സമ്പാദിച്ചു. ഗുരുവിന്റെ ആജ്ഞപ്രകാരം പഴനി ദർശനം കഴിഞ്ഞ് കൊടുങ്ങല്ലൂർ പോയി ഭജനമിരിക്കുകയും ചെയ്തു. അചിരേണ അയ്യാവുസ്വാമികളും തൈയ്ക്കാട്ടു താമസമാക്കി. സ്വാമി ഒരു സിദ്ധ പുരുഷനാണെന്ന് അറിഞ്ഞതു മുതൽ അദ്ദേഹത്തെ ദർശനം ചെയ്യുവാൻ ധാരാളം ആളുകളും വന്നുകൊണ്ടിരുന്നു.

വീണ്ടും സ്വാമികളും സിദ്ധൻമാർ ഉപദേശിച്ചപ്രകാരം പഴനി ദർശനം ചെയ്കയും, മദ്രാസിനടുത്തു നിന്നും കമലമ്മാൾ എന്നു പേരുള്ള സ്ത്രീയെ വിവാഹം കഴിക്കുകയും ചെയ്തു. സ്വാമി ശാസ്ത്രവിധിപ്രകാരമുള്ള ഒരു ഗൃഹസ്ഥാശ്രമ ജീവിതമാണു നയിച്ചിരുന്നതു്. കൊല്ലവർഷം 1048-ൽ മലബാർ കലക്ടറായിരുന്ന റസിഡന്റ് മാഗ്രിഗർ സ്വാമിജിയെ റസിഡൻസി സൂപ്രണ്ടായി നിയമിച്ചു. കൊല്ലവർഷം 1084 വരെ അദ്ദേഹം റസിഡൻസി സൂപ്രണ്ടായി സേവനം

അനുഷ്ഠിച്ചു. സ്വാതിതിരുനാൾ മുതൽ ശ്രീമൂലംതിരുനാൾ വരെയുള്ള മഹാരാജാക്കൻമാർ വളരെ ആദരവോടുകൂടിയാണ് സ്വാമികളോടു പെരുമാറിവന്നതു്. മേലുദ്യോഗസ്ഥൻമാരായ സായ്പൻമാർ പോലും സ്വാമിയെ ഒരു ആത്മീയ ഗുരുവായി കരുതിപ്പോന്നു.

തിരുവനന്തപുരത്തു താമസിക്കുന്ന അവസരത്തിൽ ശ്രീ ചട്ടമ്പി സ്വാമികളും ശ്രീനാരായണ ഗുരുസ്വാമികളും അയ്യാവു സ്വാമിയുടെ ശിഷ്യത്വം സ്വീകരിക്കുകയും, ബാലസുബ്രഹ്മണ്യ മന്ത്രവും ശിവരാജയോഗവും അവരെ ഉപദേശിക്കുകയും ചെയ്തു. സ്വാമിജിയുടെ ഗൃഹസ്ഥാശ്രമ ജീവിതത്തിൽ പഴനിവേൽ സ്വാമികളും, ലോകനാഥ സ്വാമികളും എന്നീ രണ്ടു പുത്രൻമാരും ഒരു പുത്രിയും ജനിച്ചു.

സ്വാമിയുടെ ദിനചര്യ:-

സ്വാമികൾ നിത്യവും പ്രഭാതത്തിൽ മൂന്നുമണിക്കുണർന്ന് കുളി മുതലായവ കഴിഞ്ഞ് ശിഷ്യൻമാരെ വിളിച്ചുണർത്തി യോഗപരിശീലനം പറഞ്ഞുകൊടുക്കും. പിന്നീട് 6–30 മണിവരെ ധ്യാനത്തിൽ മുഴുകിയിരിക്കും. പിന്നീട് നിഷ്ഠയിൽ നിന്നുണർന്ന് വസ്ത്രങ്ങൾ മാറി 7–30 മണിക്ക് റസിഡൻറു സായിപ്പുമൊത്ത് തോട്ടത്തിൽ ചുറ്റി നടക്കും. ധാര 8–30 മണിക്ക് ആഹാരത്തിനു പോകുമ്പോൾ 9–30 മണിക്ക് സ്വാമികൾ വീട്ടിൽ മടങ്ങിഎത്തി പശുവിൻ പാൽ ചേർത്ത കാപ്പിയും, ഗോതമ്പോ അരികൊണ്ടുള്ള പലഹാരമോ കഴിക്കും. വീണ്ടും പത്തു മണിക്ക് റസിഡൻസിയിൽ പോയി പന്ത്രണ്ടു മണിക്ക് വീട്ടിൽ മടങ്ങി എത്തും. കൈകാൽ ശുദ്ധി ചെയ്തു് രണ്ടു മണി വരെ പൂജാമുറിയിൽ ധ്യാനനിഷ്ഠനായിരിക്കും. രണ്ടു മണിക്കു ശേഷം മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞ് വീട്ടിനു മുമ്പിൽ വന്നിരുന്ന് പലരുമായി സംഭാഷണത്തിലേർപ്പെടും. വീണ്ടും 3–30 മണിക്ക് റസിഡൻസിയിൽ പോയി 5–30 മണിക്ക്വീട്ടിൽ മടങ്ങും. രാത്രി 7–30 മണി വരെ ശിഷ്യൻമാരോടും മറ്റും സംഭാഷണത്തിൽ ഏർപ്പെടും. അതിനുശേഷം രാത്രി 12 മണി വരെ ധ്യാനനിഷ്ഠയിൽ കഴിഞ്ഞശേഷം 3 മണിവരെ മാത്രമേ ഉറങ്ങുകയുള്ളൂ. ഇപ്രകാരമായിരുന്നു ആ മഹാന്റെ ദിനചര്യാക്രമം.

മഹാസമാധി:-

ആയിരത്തി എൺപത്തി നാലാമാണ്ട് മിഥുന മാസം ഒടുവിലത്തെ ചൊവ്വാഴ്ച ശ്രീ അയ്യാവു സ്വാമികൾ ശ്രീമൂലംതിരുനാളി

നെ സന്ദർശിക്കാനായി കൊട്ടാരത്തിൽ പോയി. മഹാരാജാവുമായി കുശലപ്രശ്നങ്ങളും കഴിഞ്ഞശേഷം സ്വാമികളും മഹാരാജാവിനോടായി പറഞ്ഞു – ''അടുത്ത ചൊവ്വാഴ്ചക്ക് സമാധിയാകാൻ തീരുമാനിച്ചിരിക്കുന്നു. ഈ പയ്യൻ (മൂത്ത പുത്രൻ) കുടുംബത്തെ രക്ഷിച്ചുകൊള്ളും''.

ഇങ്ങനെ സംഭാഷണങ്ങളും പൂർത്തിയാക്കി സ്വാമികൾ വീട്ടിൽ മടങ്ങി വന്ന് വസ്ത്രങ്ങൾ മാറി ഒരു മുറിയിൽ ധ്യാനനിഷ്ഠനായിരുന്നു. സമാധി വിവരം അത്യാവശ്യമായി അറിയിക്കേണ്ടവരെ എല്ലാം അറിയിച്ചു. പുത്രനെ വിളിച്ച് ''എന്തു കാരണവശാലും തിങ്കളാഴ്ച വരെ കതകു തുറക്കരുത്, തിങ്കളാഴ്ച എന്നെ കാണണമെന്നുള്ളവർക്കു കാണാം' എന്നു പറഞ്ഞു. തിങ്കളാഴ്ച സ്വാമികൾ സന്ദർശകർക്ക് അനുവാദം കൊടുത്തു. സന്ദർശകരിൽ റസിഡൻറ് സായിപ്പും മദാമ്മയും വന്ന് കുശലങ്ങൾ പറഞ്ഞിട്ട്, സായ്പ് Good Bye എന്നു പറഞ്ഞപ്പോൾ, സ്വാമികൾ "This is My Last Good Bye" എന്നു മറുപടി കൊടുത്തു. മദാമ്മ ഇതുകേട്ട് കണ്ണുനീർ തുടച്ചു. അപ്പോൾ സ്വാമികൾ പറഞ്ഞു:– സങ്കടപ്പെടേണ്ട സാധാരണ മനുഷ്യരെപ്പോലെ ഞാൻ മരിക്കുവാൻ പോകുന്നില്ല. ഒരു മാറ്റമേ ചെയ്യുന്നുള്ളൂ'' എന്ന്. വീണ്ടും ഹസ്തദാനം ചെയ്ത് അവരെ യാത്രയാക്കി. മറ്റുള്ളവരോട് സ്വാമികൾ നാളെ രാത്രി എട്ടു മണിക്ക് ഇവിടെ വരിക എന്നു പ്രസ്താവിച്ചു.

പിറ്റേദിവസം രാത്രി (1084 കർക്കടകം 5-ാം തിയതി 8 മണിക്ക് സ്വാമികൾ കണ്ണു തുറന്ന് പത്മാസനസ്ഥനായി മൂത്ത പുത്രനോട് ദീപം കത്തിക്കുവാൻ ആവശ്യപ്പെട്ടു. പുത്രൻ ദീപാരാധന നടത്തി, ആ യോഗിവര്യൻ രണ്ടു കൈകളും ഉയർത്തി തുടമേൽ വച്ച് നിത്യസമാധിയെ പ്രാപിച്ചു. ആ മുറിക്കകത്തു കൂടി നിന്നവർക്കെല്ലാം ഒരുജ്യോതിസ്സ് മുറിയിൽ വ്യാപിക്കുന്നത് അനുഭവപ്പെട്ടു. അന്ന് കൃത്യം രാത്രി 12 മണിക്ക് മകര നക്ഷത്ര ദിവസം മൂത്ത പുത്രനായ ലോകനാഥ സ്വാമികൾ ശ്രീ അയ്യാവു സ്വാമികളെ തൈയ്ക്കാട്ട് ഇന്നു കാണുന്ന ശിവക്ഷേത്രവളപ്പിൽ സമാധി അടക്കം ചെയ്തു. ശ്രീ ചിത്തിരതിരുനാളിന്റെ ഭരണകാലത്ത് സമാധിസ്ഥാനത്തു പണിയിച്ചതാണ് തൈയ്ക്കാട്ട് ഇന്നു കാണുന്ന ശിവൻ കോവിൽ അഥവാ സമാധികോവിൽ. അദ്ദേഹത്തിന്റെ യോഗസിദ്ധികളെപ്പറ്റി വേറൊരു ലേഖനത്തിൽ പ്രസ്താവിക്കാം.

LOKASANTHY
R. N. 27316/74 JULY 1976 Reg: No. KL/TV/122

- വാസൻസ് -

ഹാസ്പിറൽ

പനങ്കാല-മേക്കോട്-കളിയിക്കാവിള P. O.

സകലവിധ ആധുനിക സജ്ജീകരണങ്ങളോടുംകൂടി 18—9—75 മുതൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനം രോഗികൾക്ക് ഒരു അഭയ കേന്ദ്രം.

രക്തം, മലം, മൂത്രം, കഫം തുടങ്ങിയുള്ളവകൾ പരിശോധിക്കാൻ സ്വന്തം ലാബറട്ടറി

25 കിടക്കകൾ സജ്ജീകരിച്ചിട്ടുണ്ട്

Edited Printed and Published by Erichalloor K Somasekharan Nair, Printed at Padmanabha Press & Published from Parassala